# **വൈദ്യുതപ്രവാഹത്തിന്റെ ഫലങ്ങൾ, വൈദ്യുതകാന്തികപ്രേരണം (Unit 1,2,3)**

## **വൈദ്യുതപ്രവാഹത്തിന്റെ ഫലങ്ങൾ**

| **താപഫലം** | **പ്രകാശഫലം** | **യാന്ത്രികഫലം** | **രാസഫലം** | **കാന്തികഫലം** |
|---|---|---|---|---|
| വൈദ്യുതോർജം താപോർജമാകുന്നു | വൈദ്യുതോർജം പ്രകാശോർ ജമാകുന്നു | വൈദ്യുതോർജം യാന്ത്രികോർ ജമാകുന്നു | വൈദ്യുതോർജം രാസോർജമാകുന്നു | വൈദ്യുതോർജം കാന്തികോർ ജമാകുന്നു |
| • വൈദ്യുത ഹീറ്റർ<br>• ഇലക്ട്രിക് അയൺ<br>• സോൾ ഡറിങ് അയൺ<br>• ഇമേഴ്ഷൺ ഹീറ്റർ | • ഇൻകാൻ ഡസെന്റ് ലാമ്പ്<br>• ഡിസ്ചാർ ജ് ലാമ്പ്<br>• എൽ.ഇ.ഡി ലാമ്പ് | • വൈദ്യുത മോട്ടോർ<br>• മിക്സി<br>• വൈദ്യുത ഫാൻ | • സ്റ്റോറേജ് ബാറ്ററി ചാർജ് ചെയ്യുന്നത് | • വൈദ്യുത കാന്തം |

## **വൈദ്യുതപ്രവാഹത്തിന്റെ താപഫലം**

➔ **ജൂൾ ഹീറ്റിങ് (ഓമിക് ഹീറ്റിങ്)** - സെർക്കീട്ടിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ താപോർജം രൂപപ്പെടുന്ന പ്രവർത്തനം.

| | | |
|---|---|---|
| വൈദ്യുത പ്രവാഹം മൂലം ചാലകത്തിൽ രൂപപ്പെടുന്ന താപത്തെ (H) സ്വാധീനിക്കുന്ന ഘടകങ്ങൾ | • ചാലകത്തിന്റെ പ്രതിരോധം (R) | • പ്രതിരോധം (R) കൂടുമ്പോൾ കറന്റ് (I) കുറയുന്നതിനാൽ താപം കുറയുന്നു.<br>• കറന്റ് സ്ഥിരമാണെങ്കിൽ പ്രതിരോധം കൂടുമ്പോൾ താപം കൂടുന്നു. |
| | • വൈദ്യുത പ്രവാഹതീവ്രത (കറന്റ്) (I) | • കറന്റ് കൂടുമ്പോൾ താപം കൂടുന്നു. |
| | • വൈദ്യുതി പ്രവഹിക്കുന്ന സമയം (t) | • സമയം കൂടുമ്പോൾ താപം കൂടുന്നു. |

➔ **വൈദ്യുത പവർ (P)** – യൂണീറ്റ് സമയത്തിൽ ഒരു വൈദ്യുതോപകരണം വിനിയോഗിക്കുന്ന വൈദ്യുതോർജമാണ് വൈദ്യുത പവർ (P = W/t)

വൈദ്യുത പവറിന്റെ യൂണീറ്റ് - **വാട്ട് (W)**

| | | |
|---|---|---|
| വൈദ്യുത പവറിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ | • പ്രതിരോധം (R) | • പ്രതിരോധം കൂടുമ്പോൾ വൈദ്യുത പവർ കുറയുന്നു. |
| | • വോൾട്ടേജ് (V) | • വോൾട്ടേജ് കൂടുമ്പോൾ പവർ കൂടുന്നു. (വോൾട്ടേജ് ഇരട്ടിയാകുമ്പോൾ പവർ നാല് മടങ്ങാകുന്നു, വോൾട്ടേജ് പകുതിയായാൽ പവർ 1/4 ആകുന്നു) |

**താപം, പവർ എന്നിവ കണക്കാക്കുന്നതിനുള്ള സമവാക്യങ്ങൾ**

| താപം (H) | പവർ (P) |
|---|---|
| ◆ $H = I^2Rt$<br>◆ $H = VIt$<br>◆ $H = V^2t/R$<br>◆ $H = Pt$ | ◆ $P = I^2R$<br>◆ $P = VI$<br>◆ $P = V^2/R$<br>◆ $P = H/t$ |

**പ്രതിരോധകങ്ങളുടെ ക്രമീകരണം**

| **ശ്രേണി രീതി** | **സമാന്തര രീതി** |
|---|---|
|   |   |
| • സെർക്കീട്ടിൽ പ്രതിരോധകങ്ങളെ ഒന്നിനോടൊന്ന് തുടർച്ചയായി ബന്ധിപ്പിച്ച് സെർക്കീട്ട് ഒറ്റപ്പാതയിലൂടെ പൂർത്തിയാക്കുന്നു. | • സെർക്കീട്ടിൽ പ്രതിരോധകങ്ങളെ സമാന്തരമായി ഘടിപ്പിക്കുന്നതുമൂലം കറന്റ് ഓരോ ശാഖ വഴിയും വിഭജിച്ച് സെർക്കീട്ട് പൂർത്തിയാക്കുന്നു. |
| • സെർക്കീട്ടിലെ സഫലപ്രതിരോധം കൂടുന്നു | • സെർക്കീട്ടിലെ സഫലപ്രതിരോധം കുറയുന്നു |
| • എല്ലാ പ്രതിരോധകങ്ങളിലൂടെയും ഒരേ കറന്റ് (I) ഒഴുകുന്നു | • ഓരോ പ്രതിരോധകത്തിലൂടെയും ഒഴുകുന്ന കറന്റ് വ്യത്യസ്തമാണ് . (കറന്റ് വിഭജിച്ച് പോകുന്നു, $I = I_1+I_2$)<br>• കുറഞ്ഞ പ്രതിരോധകത്തിലൂടെ കൂടിയ കറന്റും, കൂടിയ പ്രതിരോധകത്തിലൂടെ കുറഞ്ഞ കറന്റും ഒഴുകുന്നു. ($I_1 = V/R_1$, $I_2=V/R_2$) |
| • ഓരോ പ്രതിരോധകത്തിനും വ്യത്യസ്ത വോൾട്ടേജ് ആയിരിക്കും ലഭിക്കുക. (സപ്ലൈ വോൾട്ടേജ് വിഭജിച്ച് പോകുന്നു, $V = V_1+V_2$)<br>• കുറഞ്ഞ പ്രതിരോധകത്തിന് കുറഞ്ഞ വോൾട്ടേജും കൂടിയ പ്രതിരോധകത്തിന് കൂടിയ വോൾട്ടേജും ലഭിക്കുന്നു. ($V_1 = IR_1$, $V_2=IR_2$) | • എല്ലാ പ്രതിരോധകത്തിനും ഒരേ വോൾട്ടേജ് (സപ്ലൈ വോൾട്ടേജ്, V) ലഭിക്കുന്നു. |
| • സഫല പ്രതിരോധം $R = R_1+R_2$<br>• പ്രതിരോധകത്തിന് ഒരേ മൂല്യമാണെങ്കിൽ, **R = r X n**,<br>• r = പ്രതിരോധകത്തിന്റെ മൂല്യം<br>• n = പ്രതിരോധകങ്ങളുടെ എണ്ണം. | • $1/R = 1/R_1 +1/ R_2$<br>• സഫലപ്രതിരോധം, $R = R_1R_2 / (R_1+R_2)$<br>• പ്രതിരോധകത്തിന് ഒരേ മൂല്യമാണെങ്കിൽ, **R = r / n**, |

| | |
|---|---|
| • ബൾബുകളെ ശ്രേണീരീതിയിൽ ക്രമീകരിക്കുമ്പോൾ പവർ കുറഞ്ഞ ബൾബിന് (പ്രതിരോധം കൂടിയ ബൾബ്) കൂടുതൽ വോൾട്ടത ലഭിക്കുന്നതിനാൽ പവർ കൂടിയ ബൾബിനേക്കാൾ തീവ്രതയിൽ പ്രകാശിക്കുന്നു. | • ബൾബുകളെ സമാന്തരരീതിയിൽ ക്രമീകരിക്കുമ്പോൾ പവർ കൂടിയ ബൾബിലൂടെ (പ്രതിരോധം കുറഞ്ഞ ബൾബ്) കൂടുതൽ കറന്റ് പ്രവഹിക്കുന്നതിനാൽ പവർ കുറഞ്ഞ ബൾബിനേക്കാൾ തീവ്രതയിൽ പ്രകാശിക്കുന്നു. |
| • പ്രതിരോധകങ്ങളെ ശ്രേണീരീതിയിൽ ബന്ധിപ്പിച്ചാൽ പ്രതിരോധം കൂടിയ പ്രതിരോധകം കൂടുതൽ ചൂടാകുന്നു. (കൂടുതൽ വോൾട്ടത ലഭിക്കുന്നതിനാൽ) | • പ്രതിരോധകങ്ങളെ സമാന്തരരീതിയിൽ ബന്ധിപ്പിച്ചാൽ പ്രതിരോധം കുറഞ്ഞ പ്രതിരോധകം കൂടുതൽ ചൂടാകുന്നു. (കൂടുതൽ കറന്റ് ലഭിക്കുന്നതിനാൽ) |

**<u>സുരക്ഷാ ഫ്യൂസ്</u>**

| | |
|---|---|
| സുരക്ഷാ ഫ്യൂസ്- | • ഒരു സെർക്കീട്ടിലൂടെ അമിത വൈദ്യുതപ്രവാഹം ഉണ്ടാകുന്നതുമൂലമുള്ള അപകടങ്ങളിൽ നിന്നു നമ്മെയും ഉപകരണങ്ങളെയും സംരക്ഷിക്കാനുള്ള സംവിധാനമാണ് സുരക്ഷാഫ്യൂസ്. |
| ഫ്യൂസിലെ വൈദ്യുത ഫലം | • താപഫലം |
| അമിത വൈദ്യുത പ്രവാഹം ഉണ്ടാകാനിടയുള്ള സാഹചര്യങ്ങൾ- | • ഓവർ ലോഡിങ് <br> • ഷോർട്ട് സർക്യൂട്ട് |
| ഓവർ ലോഡിങ്- | • സർക്യൂട്ടിൽ താങ്ങാവുന്നതിലധികം പവറുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നത്. |
| ഷോർട്ട് സർക്യൂട്ട്- | • ബാറ്ററിയിലെ പോസിറ്റീവ് ടെർമിനലും നെഗറ്റീവ് ടെർമിനലും തമ്മിലോ, മെയിൻസിലെ രണ്ടു വയറുകൾ തമ്മിലോ പ്രതിരോധമില്ലാതെ സമ്പർക്കത്തിൽ വരുന്നത്. |
| ഫ്യൂസ് വയർ- | • ടിന്നും ലെഡും ചേർന്ന ലോഹസങ്കരം |
| ഫ്യൂസ് വയറിന്റെ പ്രത്യേകത - | • താഴ്ന്ന ദ്രവണാങ്കം <br> • കൂടിയ ചാലകത |
| ഫ്യൂസിന്റെ പ്രവർത്തനം | • സർക്യൂട്ടിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ കറന്റ് ഒഴുകുമ്പോൾ ക്രമത്തിലധികം താപം ഉണ്ടാകുന്നു. അപ്പോൾ ദ്രവണാങ്കം കുറഞ്ഞ ഫ്യൂസ് വയർ ഉരുകി വൈദ്യുതബന്ധം വിഛേദിക്കുന്നു |
| ഫ്യൂസ് വയർ സെർക്കീട്ടിൽ ഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ- | • ഫ്യൂസ് വയറിന്റെ അഗ്രങ്ങൾ യഥാസ്ഥാനങ്ങളിൽ ദൃഢമായി ബന്ധിപ്പിക്കണം . <br> • ഫ്യൂസ് വയർ കാരിയർ ബേസിൽ നിന്ന് പുറത്തേക്കു തള്ളി നിൽക്കരുത് . <br> • അനുയോജ്യമായ ആമ്പിയറേജിലുള്ള ഫ്യൂസ് വയർ ഉപയോഗിക്കുക . <br> • ശ്രേണിയിലാണ് ഫ്യൂസ് വയർ സർക്യൂട്ടിൽ ബന്ധിപ്പിക്കേണ്ടത് . |

<u>വൈദ്യുത പ്രവാഹത്തിന്റെ പ്രകാശഫലം</u>

| | |
|---|---|
| **ഇൻകാൻഡസെന്റ് ലാമ്പ്**<br> | • സാധാരണ വോൾട്ടേജിൽ ഫിലമെന്റ് ലാമ്പുകളിലെ ഫിലമെന്റ് ചുട്ടു പഴുത്ത് പ്രകാശം തരുന്നു. അതിനാൽ ഇത്തരം ലാമ്പുകളെ **ഇൻകാൻഡസെന്റ് (താപത്താൽ തിളങ്ങുന്നത്)** ലാമ്പുകൾ എന്നു പറയുന്നു. |
| ഫിലമെന്റ് - | • ടങ്ങ്സ്റ്റൺ |
| ടങ്ങ്സ്റ്റണിന്റെ പ്രത്യേകതകൾ- | • ഉയർന്ന റസിസ്റ്റിവിറ്റി<br>• ഉയർന്ന ദ്രവണാങ്കം<br>• നേർത്ത കമ്പികളാക്കാൻ കഴിയുന്നു (ഉയർന്ന ഡക്റ്റിലിറ്റി)<br>• ചുട്ടുപഴുത്ത് ധവളപ്രകാശം പുറത്തുവിടാനുള്ള കഴിവ്. |
| ബൾബിന്റെ ഉൾഭാഗം വായു ശൂന്യമാക്കിയിരിക്കുന്നു - | • ഫിലമെന്റിന്റെ ഓക്സീകരണം തടയുന്നതിന് |
| ബൾബിൽ കുറഞ്ഞ മർദ്ദത്തിൽ അലസവാതകമോ നൈട്രജനോ നിറിച്ചിരിക്കുന്നു - | • ഫിലമെന്റിന്റെ ബാഷ്പീകരണം കുറയ്ക്കുന്നതിന്. |
| പോരായ്മ - | • ഇൻകാൻഡസെന്റ് ലാമ്പുകളിൽ നൽകുന്ന വൈദ്യുതോർജത്തിന്റെ ഭൂരിഭാഗവും **താപരൂപത്തിൽ നഷ്ടപ്പെടുന്നതിനാൽ ഇവയുടെ ക്ഷമത കുറവാണ്.** |

| | |
|---|---|
| **ഡിസ്ചാർജ് ലാമ്പുകൾ -** | ഗ്ലാസ് ട്യൂബിനുള്ളിൽ ഇലക്ട്രോഡുകൾ അടക്കം ചെയ്തതാണ് **ഡിസ്ചാർജ് ലാമ്പുകൾ.**<br>• സോഡിയം വേപ്പർ ലാമ്പ്<br>• ആർക്ക് ലാമ്പ്<br>• ഫ്ലൂറസെന്റ് ലാമ്പ്<br>• സി.എഫ്.എൽ<br> |
| ഡിസ്ചാർജ് ലാമ്പുകളിൽ പ്രകാശമുണ്ടാകുന്നത് - | • വാതകത്തിൽ നടക്കുന്ന വൈദ്യുത ഡിസ്ചാർജ് വഴി. |
| പ്രവർത്തനം - | • ഉയർന്ന പൊട്ടൻഷ്യൽ വ്യത്യാസം നൽകുമ്പോൾ വാതകതന്മാത്രകൾ ഉയർന്ന ഊർജനില കൈവരിക്കുകയും ഇത്തരം തന്മാത്രകൾ സാധാരണ ഊർജനിലയിലെത്തി സ്ഥിരത കൈവരിക്കുമ്പോൾ വികിരണ ഊർജം പുറന്തള്ളുന്നതിലൂടെ പ്രകാശം ഉണ്ടാകുന്നു.<br>• ഊർജ നിലകളിലെ വ്യത്യാസമനുസരിച്ച് വിവിധ വർണപ്രകാശങ്ങൾ ലഭ്യമാകുന്നു. |
| മേന്മ - | • താപം മൂലം ഉണ്ടാകുന്ന ഊർജനഷ്ടം കുറവാണ്. |

| | |
|---|---|
| പോരായ്മ - | • ഇവയിൽ നിറച്ചിരിക്കുന്ന മെർക്കുറി പോലുള്ള വസ്തുക്കൾ പരിസ്ഥിതിക്ക് ഹാനികരമാണ്. |

| **എൽ.ഇ.ഡി (Light emitting diode) ബൾബുകൾ-** |  |
|---|---|
| മേന്മകൾ - | • ഫിലമെന്റ് ഇല്ലാത്തതിനാൽ താപരൂപത്തിലുള്ള ഊർജനഷ്ടം ഉണ്ടാകുന്നില്ല.<br>• മെർക്കുറി ഇല്ലാത്തതിനാൽ പരിസ്ഥിതിക്ക് ഹാനികരമല്ല.<br>• കുറഞ്ഞ വൈദ്യുത ഉപയോഗം<br>• ക്ഷമത കൂടുതൽ<br>• കൂടുതൽ ആയുസ് |
| **ഭാഗങ്ങൾ** | |
| ബേസ് യൂണീറ്റ് - | • ബൾബിനെ ഹോൾഡറുമായി ബന്ധിപ്പിക്കുന്ന ഭാഗം |
| ഹീറ്റ് സിങ്ക് - | • താപം ആഗീരണം ചെയ്യുന്നതിനുള്ള സംവിധാനം |
| ബേസ് പ്ലേറ്റ് - | • പ്രിന്റഡ് സെർക്യൂട്ട് ബോർഡ് ഉറപ്പിക്കുന്ന ഭാഗം |
| ബാക്ക് കണ്ടക്ടർ സ്ക്രൂകൾ - | • LED ഡ്രൈവിൽ നിന്നുള്ള വയറുകളെ ബേസ് യൂണീറ്റിൽ ഉറപ്പിക്കുന്നതിനുള്ള സ്ക്രൂകൾ |
| പവർ സപ്ലൈ ബോർഡ് (എൽ.ഇ.ഡി ഡ്രൈവർ ) - | • AC വൈദ്യുതിയെ DC യാക്കി ആവശ്യമായ ഔട്ട് പുട്ട് വോൾട്ടത നൽകുക. |
| പ്രിന്റഡ് സെർക്യൂട്ട് ബോർഡ് (LED ചിപ്പ് ബോർഡ്) - | • LED കൾ ഉറപ്പിച്ചിരിക്കുന്നു. |
| ഡിഫ്യൂസർ കപ്പ് - | • ബൾബിൽ നിന്നു പ്രകാശം പുറത്തുവരുന്ന ഭാഗം. |

| **ഹീറ്റിങ് കോയിൽ** | **ഫിലമെന്റ്** | **ഫ്യൂസ് വയർ** |
|---|---|---|
| • നിക്രോം (നിക്കൽ, ക്രോമിയം, അയൺ എന്നിവയുടെ സങ്കരം) | • ടങ്സ്റ്റൺ | • ടിനും ലെഡും ചേർന്ന സങ്കരം |
| • ഉയർന്ന ദ്രവണാങ്കം | • ഉയർന്ന ദ്രവണാങ്കം | • താഴ്ന്ന ദ്രവണാങ്കം |
| • ഉയർന്ന റസിസ്റ്റിവിറ്റി | • ഉയർന്ന റസിസ്റ്റിവിറ്റി | • കൂടിയ ചാലകത |
| • ചുട്ടുപഴുത്ത അവസ്ഥയിൽ ജ്വലിക്കാതെ ദീർഘനേരം നിലനിൽക്കാനുള്ള കഴിവ് | • ചുട്ടുപഴുത്ത് ധവളപ്രകാശം പുറത്തുവിടാനുള്ള കഴിവ് | • അമിത വൈദ്യുതപ്രവാഹം ഉണ്ടാകുമ്പോൾ ഉരുകി വൈദ്യുതബന്ധം വിഛേദിക്കുന്നു. |

**നിയമങ്ങൾ / തത്വങ്ങൾ**

| നിയമം | നിർവ്വചനം | ഉപയോഗം |
|---|---|---|
| ജൂൾ നിയമം | • വൈദ്യുതി പ്രവഹിക്കുന്ന ഒരു ചാലകത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന താപത്തിന്റെ (H) അളവ് വൈദ്യുതപ്രവാഹതീവ്രതയുടെ (I) വർഗത്തിന്റെയും ചാലകത്തിന്റെ പ്രതിരോധത്തിന്റെയും (R) വൈദ്യുതി പ്രവഹിക്കുന്ന സമയത്തിന്റെയും (t) ഗുണനഫലത്തിന് നേർ അനുപാതത്തിലായിരിക്കും. **($H \alpha I^2Rt$)** | • വൈദ്യുതപ്രവാഹം മൂലം ഒരു ചാലകത്തിൽ ഉല്പാദിപ്പിക്കുന്ന താപം കണക്കാക്കുന്നതിന്. |
| മാക്സ് വെല്ലിന്റെ വലതുകൈ പെരുവിരൽ നിയമം | • തള്ളവിരൽ വൈദ്യുതപ്രവാഹദിശയിൽ വരത്തക്കവിധം ചാലകത്തെ വലതുകൈകൊണ്ട് പിടിക്കുന്നതായി സങ്കല്പിച്ചാൽ ചാലകത്തെ ചുറ്റിപ്പിടിച്ച മറ്റു വിരലുകൾ കാന്തികമണ്ഡലത്തിന്റെ ദിശയിൽ ആയിരിക്കും | • വൈദ്യുതപ്രവാഹം മൂലം ഒരു ചാലകത്തിനു ചുറ്റുമുണ്ടാകുന്ന കാന്തികമണ്ഡലത്തിന്റെ ദിശ കണ്ടെത്തുന്നതിന്. |
| മാക്സ് വെല്ലിന്റെ വലംപിരി സ്ക്രൂ നിയമം | • ഒരു വലംപിരി സ്ക്രൂ തിരിച്ചുമുറുക്കുമ്പോൾ സ്ക്രൂ നീങ്ങുന്ന ദിശ വൈദ്യുതപ്രവാഹ ദിശയായി പരിഗണിച്ചാൽ സ്ക്രൂ തിരിയുന്ന ദിശ കാന്തികമണ്ഡലത്തിന്റെ ദിശ ആയിരിക്കും. | • വൈദ്യുതപ്രവാഹം മൂലം ഒരു ചാലകത്തിനു ചുറ്റുമുണ്ടാകുന്ന കാന്തികമണ്ഡലത്തിന്റെ ദിശ കണ്ടെത്തുന്നതിന് |
| മോട്ടോർ തത്വം | • ഒരു കാന്തികണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന സ്വതന്ത്രമായി ചലിക്കാവുന്ന ചാലകത്തിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ ചാലകത്തിൽ ഒരു ബലം ഉളവാകുകയും അത് ചലിക്കുകയും ചെയ്യുന്നു | • വൈദ്യുത മോട്ടോറുകളുടെ പ്രവർത്തനം. |
| ഫ്ളെമിങിന്റെ ഇടതു കൈനിയമം | • ഇടതു കൈയുടെ തള്ളവിരൽ, ചൂണ്ടുവിരൽ, നടുവിരൽ എന്നിവ പരസ്പരം ലംബമായി പിടിക്കുക. ചൂണ്ടുവിരൽ കാന്തികമണ്ഡലത്തിന്റെ ദിശയിലും നടുവിരൽ വൈദ്യുത പ്രവാഹദിശയിലുമായാൽ തള്ളവരൽ സൂചിപ്പിക്കുന്നത് ചാലകത്തിന്റെ ചലനദിശ (ബലത്തിന്റെ ദിശ) യിലുമായിരിക്കും. | • കാന്തികമണ്ഡലത്തിലിരിക്കുന്ന ചാലകത്തിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ ചാലകത്തിന്റെ ചലനദിശ(ബലത്തിന്റെ ദിശ) കണ്ടെത്തുന്നതിന്. |
| ഫ്ളെമിങിന്റെ വലതു കൈ നിയമം | • ഒരു ചാലകത്തെ കാന്തികമണ്ഡലത്തിന് ലംബമായി ചലിപ്പിക്കുന്നുവെന്ന് കരുതുക. വലതുകൈയിലെ തള്ളവിരൽ, ചൂണ്ടുവിരൽ, നടുവിരൽ എന്നിവ ഓരോന്നും പരസ്പരം ലംബമായി വരത്തക്കവണ്ണം നിവർത്തുക. | • വൈദ്യുത കാന്തികപ്രേരണം വഴി ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ദിശ കണ്ടെത്തുന്നതിന്. |

| | | |
|---|---|---|
| | ചൂണ്ടുവിരൽ കാന്തികമണ്ഡലത്തിന്റെ ദിശയെയും തള്ളവിരൽ ചാലകത്തിന്റെ ചലനദിശയെയും സൂചിപ്പിക്കുന്നുവെങ്കിൽ നടുവിരൽ പ്രേരിതവൈദ്യുതിയുടെ ദിശയെ സൂചിപ്പിക്കുന്നു. | |
| വൈദ്യുത കാന്തിക പ്രേരണതത്വം | • ഒരു ചാലകവുമായി ബന്ധപ്പെട്ട കാന്തിക ഫ്ലക്സിൽ മാറ്റമുണ്ടാകുന്നതിന്റെ ഫലമായി ചാലകത്തിൽ ഒരു emf പ്രേരണം ചെയ്യപ്പെടുന്ന പ്രതിഭാസമാണ് **വൈദ്യുതകാന്തികപ്രേരണം** | |

| **വൈദ്യുത ഉപകരണം** | **പ്രധാന ഭാഗങ്ങൾ** | **പ്രവർത്തനതത്വം** | **ഊർജമാറ്റം** |
|---|---|---|---|
| ഡി.സി മോട്ടോർ | • സ്ഥിരകാന്തം<br>• ആർമേച്ചർ<br>• സ്പ്ലിറ്റ് റിങ്ങുകൾ<br>• ഗ്രാഫൈറ്റ് ബ്രഷുകൾ | മോട്ടോർ തത്വം | വൈദ്യുതോർജം യാന്ത്രികോർജമാകുന്നു. |
| ഡി.സി ജനറേറ്റർ | | വൈദ്യുതകാന്തിക പ്രേരണം | യാന്ത്രികോർജം വൈദ്യുതോർജമാകുന്നു. |
| ചലിക്കും ചുരുൾ ലൗഡ്സ്പീക്കർ | • ഫീൽഡ് കാന്തം.<br>• വോയിസ് കോയിൽ<br>• ഡയഫ്രം<br>• പച്ചിരുമ്പു കോർ | മോട്ടോർ തത്വം | വൈദ്യുതോർജം ശബ്ദോർജമാകുന്നു. |
| എ.സി ജനറേറ്റർ | • സ്ഥിരകാന്തം<br>• ആർമേച്ചർ<br>• സ്ലിപ്പ് റിങ്ങുകൾ<br>• ഗ്രാഫൈറ്റ് ബ്രഷുകൾ | വൈദ്യുതകാന്തിക പ്രേരണം | യാന്ത്രികോർജം വൈദ്യുതോർജമാകുന്നു. |
| ചലിക്കും ചുരുൾ മൈക്രോഫോൺ | • ഫീൽഡ് കാന്തം.<br>• വോയിസ് കോയിൽ<br>• ഡയഫ്രം<br>• പച്ചിരുമ്പു കോർ | വൈദ്യുതകാന്തിക പ്രേരണം | ശബ്ദോർജം വൈദ്യുതോർജമാകുന്നു. |

**<u>വൈദ്യുത പ്രവാഹം മൂലം നിവർന്ന ചാലകത്തിലുണ്ടാകുന്ന കാന്തികമണ്ഡലത്തിന്റെ ദിശ</u>**

| **വൈദ്യുത പ്രവാഹദിശ** | **ചാലകത്തിന് മുകളിൽ / താഴെ** | **കാന്തസൂചിയുടെ ചലനദിശ (കാന്തികമണ്ഡലത്തിന്റെ ദിശ)** |
|---|---|---|
| • തെക്ക് നിന്ന് വടക്കോട്ട് | • മുകളിൽ | • പടിഞ്ഞാറു നിന്ന് കിഴക്കോട്ട് |
| | • താഴെ | • കിഴക്കു നിന്ന് പടിഞ്ഞാറോട്ട് |
| • വടക്കു നിന്ന് തെക്കോട്ട് | • മുകളിൽ | • കിഴക്കു നിന്ന് പടിഞ്ഞാറോട്ട് |
| | • താഴെ | • പടിഞ്ഞാറു നിന്ന് കിഴക്കോട്ട് |

**വൈദ്യുത പ്രവാഹം മൂലം ഒരു ചാലകച്ചുരുളിലുണ്ടാകുന്ന കാന്തികമണ്ഡലത്തിന്റെ ദിശ**

| | |
|---|---|
| • വൈദ്യുതി പ്രദക്ഷിണ ദിശയിൽ (Clockwise) പ്രവഹിക്കുന്ന അഗ്രത്ത് - | • ദക്ഷിണ ധ്രുവം (South pole) |
| • വൈദ്യുതി അപ്രദക്ഷിണ ദിശയിൽ (Anticlockwise) പ്രവഹിക്കുന്ന അഗ്രത്ത് - | • ഉത്തരധ്രുവം (North Pole) |

| | |
|---|---|
| • വൈദ്യുത പ്രവാഹം മൂലം ഒരു ചാലകച്ചുരുളിലുണ്ടാകുന്ന (സോളിനോയിഡ്) കാന്തശക്തി വർധിപ്പിക്കുന്നതിന് - | • കമ്പിച്ചുറ്റുകളുടെ എണ്ണം കൂട്ടുക<br>• വൈദ്യുതപ്രവാഹ തീവ്രത കൂട്ടുക<br>• സോളിനോയിഡിനുള്ളിൽ പച്ചിരുമ്പ് കോർ വയ്ക്കുക.<br>• പച്ചിരുമ്പ് കോറിന്റെ ഛേദതലപരപ്പളവ് കൂട്ടുക |
| • വൈദ്യുത കാന്തിക പ്രേരണം വഴി ഒരു ചാലകത്തിലുണ്ടാകുന്ന പ്രേരിതവൈദ്യുതിയുടെ അളവ് വർദ്ധിപ്പിക്കുന്നതിന് - | • കമ്പിച്ചുറ്റുകളുടെ എണ്ണം കൂട്ടുക<br>• കാന്തശക്തി വർദ്ധിപ്പിക്കുക<br>• ചലനവേഗത കൂട്ടുക |
| • കാന്തികമണ്ഡലത്തിലിരിക്കുന്ന വൈദ്യുതവാഹിയായ ചാലകത്തിൽ അനുഭവപ്പെടുന്ന ബലത്തിന്റെ ദിശയെ സ്വാധീനിക്കുന്ന ഘടകങ്ങൾ - | • വൈദ്യുത പ്രവാഹദിശ<br>• കാന്തികമണ്ഡലത്തിന്റെ ദിശ |
| • വൈദ്യുതകാന്തിക പ്രേരണം വഴിയുണ്ടാകുന്ന വൈദ്യുത പ്രവാഹദിശയെ സ്വാധീനിക്കുന്ന ഘടകങ്ങൾ - | • കാന്തികമണ്ഡലത്തിന്റെ ദിശ<br>• ചലന ദിശ |

| **ബാർ കാന്തം** | **വൈദ്യുത കാന്തം** |
|---|---|
|   |  |
| • കാന്തശക്തി സ്ഥിരമാണ് | • കാന്തശക്തി താല്ക്കാലികമാണ് |
| • ധ്രുവത മാറ്റാൻ കഴിയില്ല | • വൈദ്യുതിയുടെ ദിശ മാറ്റി ധ്രുവത മാറ്റാൻ കഴിയും |
| • കാന്തശക്തി ഒരു പരിധിക്കപ്പുറം വർദ്ധിപ്പിക്കാൻ കഴിയില്ല. | • കാന്തശക്തി ആവശ്യാനുസരണം വർദ്ധിപ്പിക്കാനും കുറയ്ക്കാനും കഴിയും. |

| | ചലിക്കും ചുരുൾ ലൗഡ്സ്പീക്കർ<br> | ചലിക്കും ചുരുൾ മൈക്രോഫോൺ<br> |
|---|---|---|
| പ്രവർത്തന തത്വം - | • മോട്ടോർ തത്വം | • വൈദ്യുതകാന്തിക പ്രേരണം |
| ഊർജമാറ്റം - | • വൈദ്യുതോർജം ശബ്ദോർജമാകുന്നു | • ശബ്ദോർജം വൈദ്യുതോർ ജമാകുന്നു |
| പ്രധാന ഭാഗങ്ങൾ - | • ഫീൽഡ് കാന്തം.<br>• വോയിസ് കോയിൽ<br>• ഡയഫ്രം<br>• പച്ചിരുമ്പു കോർ | • ഫീൽഡ് കാന്തം.<br>• വോയിസ് കോയിൽ<br>• ഡയഫ്രം<br>• പച്ചിരുമ്പു കോർ |
| പ്രവർത്തനം - | • മൈക്രോഫോണിൽ നിന്നെത്തുന്ന വൈദ്യുതസ്പന്ദനങ്ങളെ ആംപ്ലിഫയർ ഉപയോഗിച്ച് ശക്തിപ്പെടുത്തി ലൗഡ് സ്പീക്കറിന്റെ വോയിസ് കോയിലിലൂടെ കടത്തി വിടുന്നു. ഈ വൈദ്യുത സ്പന്ദനങ്ങൾ ക്കനുസൃതമായി കാന്തികമണ്ഡലത്തിലിരിക്കുന്ന വോയിസ് കോയിൽ മുന്നോട്ടും പിന്നോട്ടും അതിവേഗം ചലിക്കുന്നു. ഈ ചലനങ്ങൾ ഡയഫ്രത്തെ ചലിപ്പിക്കുകയും ശബ്ദം പുനസൃഷ്ടിക്കുകയും ചെയ്യുന്നു. | • കാന്തികമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന വോയിസ് കോയിൽ അതിനോട് ബന്ധിപ്പിച്ചിരിക്കുന്ന ഡയഫ്രത്തിൽ പതിക്കുന്ന ശബ്ദതരംഗങ്ങൾ ക്കനുസൃതമായി കമ്പനം ചെയ്യുന്നു. ഇതിന്റെ ഫലമായി വോയിസ് കോയിലിൽ ശബ്ദത്തിനനുസൃതമായ വൈദ്യുത സിഗ്നലുകൾ ഉണ്ടാകുന്നു. |

## DC മോട്ടോർ & DC ജനറേറ്റർ

| | ഡി. സി മോട്ടോർ<br> | ഡി.സി ജനറേറ്റർ<br> |
|---|---|---|
| പ്രവർത്തന തത്വം | • മോട്ടോർ തത്വം | • വൈദ്യുതകാന്തികപ്രേരണം |
| ഊർജമാറ്റം | • വൈദ്യുതോർജം യാന്ത്രികോർ ജമാകുന്നു | • യാന്ത്രികോർജം വൈദ്യുതോർ ജമാകുന്നു. |

| | | |
|---|---|---|
| പ്രധാന ഭാഗങ്ങൾ | • സ്ഥിരകാന്തം<br>• ആർമേച്ചർ<br>• സ്പ്ലിറ്റ് റിങ്ങുകൾ<br>• ഗ്രാഫൈറ്റ് ബ്രഷുകൾ | • സ്ഥിരകാന്തം<br>• ആർമേച്ചർ<br>• സ്പ്ലിറ്റ് റിങ്ങുകൾ<br>• ഗ്രാഫൈറ്റ് ബ്രഷുകൾ |
| സ്പ്ലിറ്റ് റിങ് കമ്മ്യൂട്ടേറ്ററിന്റെ ധർമ്മം - | • ഓരോ അർധഭ്രമണത്തിനു ശേഷവും ആർമേച്ചറിലെ വൈദ്യുത പ്രവാഹദിശ വിപരീതമാക്കുക. | • ആർമേച്ചറിലുണ്ടാകുന്ന AC വൈദ്യുതിയെ ബാഹ്യസർക്യൂട്ടിൽ DC ആക്കുക. |
| പ്രവർത്തനം | • വൈദ്യുത മോട്ടോറിന്റെ ആർ മേച്ചറിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ ഫ്ളെമിങ്ങിന്റെ ഇടതുകൈ നിയമമനുസരിച്ച് ആർ മേച്ചറിൽ ഒരു ബലം അനുഭവപ്പെടുകയും ബലത്തിന്റെ ദിശയിൽ ആർമേച്ചർ തിരിയുകയും ചെയ്യുന്നു. | • യാന്ത്രികോർജം ഉപയോഗിച്ച് ആർ മേച്ചറിനെ കറക്കുന്നു. അപ്പോൾ കാന്തികഫ്ളക്സിന് വ്യതിയാനം സംഭവിക്കുന്നതിനാൽ വൈദ്യുത കാന്തികപ്രേരണം വഴി ആർ മേച്ചറിൽ ഒരു emf പ്രേരിതമാവുന്നു. അതിന്റെ ഫലമായുണ്ടാകുന്ന വൈദ്യുതപ്രവാഹം സ്പ്ലിറ്റ് റിങ്ങുകൾ ബ്രഷുകൾ എന്നിവ വഴി ബാഹ്യസർക്യൂട്ടിൽ എത്തുന്നു. |

| **പ്രത്യാവർത്തിധാരാ വൈദ്യുതി (AC)** | **നേർധാരാ വൈദ്യുതി (DC)** | |
|---|---|---|
| ക്രമമായ ഇടവേളകളിൽ തുടർച്ചയായി ദിശ മാറിക്കൊണ്ടിരിക്കുന്ന വൈദ്യുതി. | തുടർച്ചയായി ഒരേ ദിശയിൽ പ്രവഹിക്കുന്ന വൈദ്യുതി. | |
| <br>AC ജനറേറ്ററിൽ നിന്ന് ലഭിക്കുന്ന | <br>DC ജനറേറ്ററിൽ നിന്ന് | <br>ബാറ്ററിയിൽ നിന്ന് |

## AC ജനറേറ്റർ & DC ജനറേറ്റർ

| | **എ.സി. ജനറേറ്റർ** | **ഡി.സി. ജനറേറ്റർ** |
|---|---|---|
| |  |  |
| പ്രവർത്തനതത്വം | • വൈദ്യുതകാന്തികപ്രേരണം | • വൈദ്യുതകാന്തികപ്രേരണം |
| ഊർജമാറ്റം | • യാന്ത്രികോർജം വൈദ്യുതോർജമാകുന്നു. | • യാന്ത്രികോർജം വൈദ്യുതോർജമാകുന്നു. |

| | | |
|---|---|---|
| പ്രധാന ഭാഗങ്ങൾ | • സ്ഥിരകാന്തം<br>• ആർമേച്ചർ<br>• സ്ലിപ്പ് റിങ്ങുകൾ<br>• ഗ്രാഫൈറ്റ് ബ്രഷുകൾ | • സ്ഥിരകാന്തം<br>• ആർമേച്ചർ<br>• സ്പ്ലിറ്റ് റിങ്ങുകൾ<br>• ഗ്രാഫൈറ്റ് ബ്രഷുകൾ |
| ഘടനയിലുള്ള വ്യത്യാസം | • സ്പ്ലിറ്റ് റിങ്ങുകൾക്ക് പകരം സ്ലിപ്പ് റിങ്ങുകൾ ആണ്. | • സ്ലിപ്പ് റിങ്ങുകൾക്ക് പകരം സ്പ്ലിറ്റ് റിങ്ങുകളാണ്. |
| ഉണ്ടാകുന്ന വൈദ്യുതിയിലെ വ്യത്യാസം | • ആർമേച്ചറിലും ബാഹ്യസർക്യൂട്ടിലും AC വൈദ്യുതി ഉണ്ടാകുന്നു. | • ആർമേച്ചറിൽ AC യും ബാഹ്യസർക്യൂട്ടിൽ DC യും ആണ് ലഭിക്കുന്നത്. |
| പ്രവർത്തനത്തിലെ വ്യത്യാസം | • കാന്തം ആയിരിക്കും ചലിക്കുന്ന ഭാഗം (റോട്ടർ) | • ആർമേച്ചർ ആണ് ചലിക്കുന്ന ഭാഗം. കാന്തം നിശ്ചലമായിരിക്കും (സ്റ്റേറ്റർ) |
| ബാഹ്യ സർക്യൂട്ടിലെ emf ന്റെ ഗ്രാഫ് |  |  |

**AC ജനറേറ്റർ, DC ജനറേറ്റർ, ബാറ്ററി എന്നിവയിൽ നിന്ന് ലഭിക്കുന്ന emf**

| | | |
|---|---|---|
| • AC ജനറേറ്റർ |  | • തുടർച്ചയായി ദിശ മാറുന്നു.<br>• emf കൂടുകയും കുറയുകയും ചെയ്യുന്നു. |
| • DC ജനറേറ്റർ |  | • ഒരേ ദിശയിൽ പ്രവഹിക്കുന്നു.<br>• emf കൂടുകയും കുറയുകയും ചെയ്യുന്നു. |
| • ബാറ്ററി |  | • ഒരേ ദിശയിൽ പ്രവഹിക്കുന്നു.<br>• emf ഒരേ അളവിലാണ്. |

| **മ്യൂച്വൽ ഇൻഡക്ഷൻ** | **സെൽഫ് ഇൻഡക്ഷൻ** |
|---|---|
|  |  |
| • സമീപസ്ഥങ്ങളായി സ്ഥിതി ചെയ്യുന്ന രണ്ട് കമ്പിച്ചുരുളുകളിൽ ഒന്നിലെ വൈദ്യുതപ്രവാഹ തീവ്രതയിലോ ദിശയിലോ മാറ്റമുണ്ടാകുമ്പോൾ അതിന് ചുറ്റുമുള്ള കാന്തിക ഫ്ളക്സിന് മാറ്റമുണ്ടാകുന്നു. ഇതിന്റെ ഫലമായി രണ്ടാമത്തെ | • ഒരു സോളിനോയിഡിൽ വൈദ്യുതി പ്രവഹിക്കുമ്പോഴുണ്ടാകുന്ന ഫ്ളക്സ് വ്യതിയാനം, അതേ ചാലകത്തിൽ വൈദ്യുത പ്രവാഹത്തെ എതിർക്കുന്ന ദിശയിൽ ഒരു emf (**ബാക്ക് emf**) ഉണ്ടാക്കുന്നു. ഈ പ്രതിഭാസമാണ് **സെൽഫ് ഇൻഡക്ഷൻ.** |

| | |
|---|---|
| കമ്പിച്ചുരുളിലും ഒരു emf പ്രേരിതമാകുന്നു. | |
| • ട്രാൻസ്ഫോമറുകൾ പ്രവർത്തിക്കുന്നത് മ്യൂച്ചൽ ഇൻഡക്ഷൻ വഴിയാണ്. | • ഇൻഡക്ടറുകളുടെ പ്രവർത്തനം സെൽഫ് ഇൻഡക്ഷൻ വഴിയാണ്. |

➔ **ട്രാൻസ്ഫോമർ** - പവറിൽ വ്യത്യാസം വരാതെ AC യുടെ വോൾട്ടത ഉയർത്താനോ താഴ്ത്താനോ സഹായിക്കുന്ന ഉപകരണമാണ് **ട്രാൻസ്ഫോമർ.**

| **സ്റ്റെപ് അപ് ട്രാൻസ്ഫോമർ** | **സ്റ്റെപ് ഡൗൺ ട്രാൻസ്ഫോമർ** |
|---|---|
| പ്രൈമറി  സെക്കന്ററി | പ്രൈമറി  സെക്കന്ററി |
| • AC വോൾട്ടത ഉയർത്തുന്നു. | • AC വോൾട്ടത താഴ്ത്തുന്നു. |
| • സെക്കന്ററിയിൽ ചുറ്റുകൾ കൂടുതലും പ്രൈമറിയിൽ ചുറ്റുകൾ കുറവും ആണ്. | • പ്രൈമറിയിൽ ചുറ്റുകൾ കൂടുതലും സെക്കന്ററിയിൽ ചുറ്റുകൾ കുറവും ആണ്. |
| • പ്രൈമറിയിൽ വണ്ണം കൂടിയ കമ്പികളും സെക്കന്ററിയിൽ വണ്ണം കുറഞ്ഞ കമ്പികളും ഉപയോഗിച്ചിരിക്കുന്നു. | • സെക്കന്ററിയിൽ വണ്ണം കൂടിയ കമ്പികളും പ്രൈമറിയിൽ വണ്ണം കുറഞ്ഞ കമ്പികളും ഉപയോഗിച്ചിരിക്കുന്നു. |
| • ഔട്ട് പുട്ട് (സെക്കന്ററി) വോൾട്ടത ഇൻപുട്ട് (പ്രൈമറി) വോൾട്ടതയെക്കാൾ കൂടുതലാണ്. | • ഔട്ട് പുട്ട് (സെക്കന്ററി) വോൾട്ടത ഇൻപുട്ട് (പ്രൈമറി) വോൾട്ടതയെക്കാൾ കുറവാണ്. |
| • ഔട്ട് പുട്ട് (സെക്കന്ററി) കറന്റ് ഇൻപുട്ട് (പ്രൈമറി) കറന്റിനേക്കാൾ കുറവാണ്. | • ഔട്ട് പുട്ട് (സെക്കന്ററി) കറന്റ് ഇൻപുട്ട് (പ്രൈമറി) കറന്റിനേക്കാൾ കൂടുതലാണ്. |
| • പ്രൈമറിയിലെയും സെക്കന്ററിയിലെയും പവർ തുല്യമാണ്. | • പ്രൈമറിയിലെയും സെക്കന്ററിയിലെയും പവർ തുല്യമാണ്. |

| | |
|---|---|
| • ട്രാൻസ്ഫോമറിലെ പ്രൈമറി, സെക്കന്ററി വോൾട്ടേജുകളും ചുറ്റുകളുടെ എണ്ണവും തമ്മിലുള്ള ബന്ധം - | • $V_s / V_p = N_s / N_p$ |
| • ട്രാൻസ്ഫോമറിലെ പ്രൈമറി, സെക്കന്ററി വോൾട്ടേജുകളും കറന്റും തമ്മിലുള്ള ബന്ധം - | • $V_p \times I_p = V_s \times I_s$ |

| **ഇൻഡക്ടർ**  | **റസിസ്റ്റർ (പ്രതിരോധകം)**  |
|---|---|
| • ഒരു സെർക്കീട്ടിലെ വൈദ്യുതപ്രവാഹത്തിലുണ്ടാകുന്ന മാറ്റങ്ങളെ എതിർക്കുന്ന കമ്പിച്ചുരുളുകളാണ് ഇൻഡക്ടർ. | • ഒരു നിശ്ചിത പ്രതിരോധം ഒരു സെർക്കീട്ടിൽ ഉൾപ്പെടുത്താനായി ഉപയോഗിക്കുന്ന ചാലകങ്ങളാണ് റസിസ്റ്റർ. |

| | |
|---|---|
| • സെൽഫ് ഇൻഡക്ഷൻ വഴി പ്രവർത്തിക്കുന്നു. | • വൈദ്യുത പ്രവാഹത്തിന്റെ താപഫലം വഴി പ്രവർത്തിക്കുന്നു. |
| • AC സെർക്കീട്ടുകളിൽ മാത്രം പ്രവർത്തിക്കുന്നു. | • AC സെർക്കീട്ടുകളിലും DC സെർക്കീട്ടുകളിലും ഉപയോഗിക്കുന്നു. |
| • താപം മൂലം ഊർജം നഷ്ടപ്പെടുന്നില്ല. | • താപം മൂലം ഊർജം നഷ്ടപ്പെടുന്നു. |

**<u>പവർപ്രേഷണവും വിതരണവും</u>**

| | |
|---|---|
| • പവർ സ്റ്റേഷൻ | • വിതരണാവശ്യത്തിനായി വൻതോതിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന സ്ഥലങ്ങൾ. |
| • പവർ പ്രേഷണം - | • പവർ സ്റ്റേഷനുകളിൽ നിന്ന് വൈദ്യുതി ഉപയോഗിക്കുന്ന സ്ഥലത്തേക്ക് എത്തിക്കുന്നത്. |
| • പ്രസരണ നഷ്ടം - | • ദൂരസ്ഥലങ്ങളിലേക്ക് പവർ പ്രേഷണം ചെയ്യുമ്പോൾ ചാലകത്തിൽ താപരൂപത്തിൽ ഊർജ നഷ്ടം ഉണ്ടാകുന്നത്. |
| • പവർ പ്രേഷണത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ - | • പ്രസരണ നഷ്ടം, വോൾട്ടേജ് താഴ്ച |
| • പ്രസരണ നഷ്ടം കുറയ്ക്കുന്നത് - | • സ്റ്റെപ് അപ് ട്രാൻസ്ഫോമർ ഉപയോഗിച്ച് വോൾട്ടേജ് 220 KV ആക്കി ഉയർത്തുന്നതു വഴി കറന്റ് കുറയുകയും താപരൂപത്തിലുള്ള ഊർജനഷ്ടം കുറയുകയും ചെയ്യുന്നു. |
| • പവർ സ്റ്റേഷനിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന വോൾട്ടത - | • 11 KV |
| • പവർ സ്റ്റേഷനിൽ നിന്ന് വൈദ്യുതി കൊണ്ടുപോകുന്ന വോൾട്ടത - | • 220 KV |
| • പവർ സ്റ്റേഷനിൽ ഉപയോഗിക്കുന്ന ജനറേറ്റർ - | • ത്രീ ഫേസ് AC ജനറേറ്റർ |
| • പവർ സ്റ്റേഷനിൽ ഉപയോഗിക്കുന്ന ട്രാൻസ് ഫോമർ - | • സ്റ്റെപ് അപ് ട്രാൻസ്ഫോമർ |
| • സബ് സ്റ്റേഷനുകളിൽ ഉപയോഗിക്കുന്ന ട്രാൻസ്ഫോമർ - | • സ്റ്റെപ് ഡൗൺ ട്രാൻസ്ഫോമർ |
| • വിതരണ ട്രാൻസ്ഫോമർ | • സ്റ്റെപ് ഡൗൺ ട്രാൻസ്ഫോമർ |
| • വിതരണ ട്രാൻസ് ഫോമറിലെ ഇൻപുട്ട് വോൾട്ടത - | • 11 KV |

| | |
|---|---|
| • വിതരണ ട്രാൻസ്‌ഫോമറിലെ ഔട്ട് പുട്ട് വോൾട്ടതകൾ - | • രണ്ട് ഫേസുകൾക്കിടയിൽ - 400 V<br>• ഒരു ഫേസിനും ന്യൂട്രലിനും ഇടയിൽ - 230 V |
| • ഫേസിനും എർത്തിനും ഇടയിലെ വോൾട്ടത - | • 230 V |
| • ന്യൂട്രലിനും എർത്തിനും ഇടയിലെ വോൾട്ടത - | • 0 V |

<u>**ഗൃഹ വൈദ്യുതീകരണം**</u>




| | |
|---|---|
| • വീട്ടിലെത്തുന്ന വൈദ്യുത ലൈൻ ആദ്യം ബന്ധിപ്പിക്കുന്ന ഉപകരണം - | • വാട്ട് അവർ മീറ്റർ |
| • വാട്ട് അവർ മീറ്ററിന്റെ ഉപയോഗം - | • വൈദ്യുതോർജം അളക്കുന്നതിന്. |
| • വൈദ്യുതോർജത്തിന്റെ വ്യാവസായിക യൂണീറ്റ് - | • കിലോ വാട്ട് അവർ (KWh)<br>• 1 യൂണീറ്റ് വൈദ്യുതോർജം = 1 KWh<br>• 1 KWh = 1000 Watt hour<br>• 1 KWh = 3600000 J |
| • കിലോ വാട്ട് അവറിലെ ഊർജം കണക്കാക്കുന്നതിനുള്ള സമവാക്യം - | • KWh ലെ ഊർജം,<br>= (വാട്ടിലുള്ള പവർ X മണിക്കൂറിലെ സമയം) / 1000 |
| • ഗൃഹ വൈദ്യുതീകരണത്തിൽ ഉപകരണങ്ങൾ ബന്ധിപ്പിക്കുന്നത് - | • സമാന്തര രീതിയിൽ |
| • സമാന്തര രീതിയിൽ ഉപകരണങ്ങൾ ബന്ധിപ്പിക്കുന്നതുകൊണ്ടുള്ള മേന്മ - | • എല്ലാ ഉപകരണങ്ങൾക്കും സപ്ലൈ വോൾട്ടത (230 V) തന്നെ ലഭിക്കുന്നു. (ഒരേ വോൾട്ടേജ്)<br>• ഓരോ ഉപകരണത്തിനും അതിനാവശ്യമായ കറന്റ് ലഭിക്കുന്നു. (വ്യത്യസ്തമായ കറന്റ്)<br>• ഉപകരണങ്ങളെ സ്വിച്ച് ഉപയോഗിച്ച് യഥേഷ്ടം നിയന്ത്രിക്കാൻ കഴിയുന്നു. |

| | |
|---|---|
| | • രേഖപ്പെടുത്തിയ പവറിനനുസരിച്ച് ഉപകരണങ്ങൾ പ്രവർത്തിക്കുന്നു.<br>• സഫലപ്രതിരോധം കുറയുന്നു. |

**ഗാർഹിക വൈദ്യുതി വിതരണത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന മാർഗങ്ങൾ**

| | |
|---|---|
| • സുരക്ഷാ ഫ്യൂസ് | • അമിത വൈദ്യുതപ്രവാഹത്തിൽ നിന്ന് വൈദ്യുത ഉപകരണങ്ങളെയും വൈദ്യുത സർക്യൂട്ടിനെയും സംരക്ഷിക്കുന്നു.<br>• വൈദ്യുത പ്രവാഹത്തിന്റെ താപഫലം പ്രയോജനപ്പെടുത്തുന്നു. |
| • MCB (Miniature Circuit Breaker) | • ഫ്യൂസിനു പകരമായി ശാഖാ സെർക്യൂട്ടുകളിൽ ഉപയോഗിക്കുന്നു.<br>• സ്വയം നിയന്ത്രിത സംവിധാനം (Automatic) ആണ്.<br>• വൈദ്യുത പ്രവാഹത്തിന്റെ താപഫലവും കാന്തികഫലവും ഉപയോഗപ്പെടുത്തുന്നു. |
| • ELCB (Earth leakage circuit breaker) | • ഇൻസുലേഷൻ തകരാർ മൂലമോ മറ്റോ സെർക്കീട്ടിൽ കറന്റ് ലീക്ക് ഉണ്ടായാൽ സെർക്കീട്ട് ഓട്ടോമാറ്റിക് ആയി വിഛേദിക്കപ്പെടാൻ ഉപയോഗിക്കുന്നു.<br>• ഇപ്പോൾ ഇവയ്ക്കു പകരം കൂടുതൽ സുരക്ഷ ഉറപ്പു വരുത്തുന്ന RCCB (Residual Current Circuit Breaker) ആണ് ഉപയോഗിക്കുന്നത്. |
| • ത്രീപിൻ പ്ലഗ്ഗും എർത്തിങ്ങും | • ലോഹച്ചട്ടക്കൂടുള്ള ഉപകരണങ്ങളിൽ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നു. |

**ത്രീപിൻ പ്ലഗ്ഗും എർത്തിങ്ങും**

| | |
|---|---|
| • എർത്ത് പിൻ ബന്ധിപ്പിച്ചിരിക്കുന്ന ലൈൻ- - | • എർത്ത് വയർ |
| • എർത്ത് ലൈൻ ഉപകരണത്തിന്റെ ഏത് ഭാഗവുമായിട്ടാണ് ബന്ധിപ്പിച്ചിരിക്കുന്നത് - | • ലോഹച്ചട്ടക്കൂടുമായി. |
| • എർത്ത് വയറിന്റെ പ്രത്യേകത - | • വണ്ണം കൂടുതലായിരിക്കും. |
| • എർത്ത് വയർ ആരംഭിക്കുന്നത് - | • ഭൂമിയിൽ നിന്ന്. |
| • എർത്ത് പിന്നിന്റെ പ്രത്യേകത - | • നീളവും വണ്ണവും കൂടുതൽ |
| • എർത്ത് പിന്നും, എർത്ത് വയറും വണ്ണം കൂട്ടി നിർമ്മിക്കാൻ കാരണം - | • പ്രതിരോധം കുറയ്ക്കുന്നതിനായി. |
| • എർത്ത് പിന്നിന് നീളം കൂട്ടി നിർമ്മിക്കാൻ കാരണം - | • ത്രീ പിൻ സോക്കറ്റിലേക്ക് ഘടിപ്പിക്കുമ്പോൾ എർത്ത് പിൻ സെർക്കീട്ടുമായി ആദ്യം സമ്പർക്കത്തിൽ വരികയും ഊരുമ്പോൾ എർത്ത് പിൻ അവസാനം സമ്പർക്കം വിഛേദിക്കുകയും ചെയ്യുന്നതിനാൽ സെർക്കീട്ടിൽ പൂർണ സുരക്ഷ ഉറപ്പു വരുത്തുന്നു. |

| AC യിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ | DC യിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ | AC യിലും DC യിലും പ്രവർത്തിക്കുന്ന ഉപകരണങ്ങൾ |
|---|---|---|
| • ഫാൻ<br>• മോട്ടോർ<br>• മിക്സി<br>• റഫ്രിജറേറ്റർ<br>• വാഷിങ് മെഷിൻ | • കാൽക്കുലേറ്റർ<br>• കമ്പ്യൂട്ടർ<br>• മൊബൈൽ ഫോൺ<br>• റേഡിയോ<br>• ടെലിവിഷൻ | • ഇലക്ട്രിക് അയൺ<br>• ബൾബ് |

| | |
|---|---|
| വൈദ്യുതാഘാതമേൽക്കാതിരിക്കാൻ പാലിക്കേണ്ട മുൻകരുതലുകൾ - | • നനഞ്ഞ കൈകൊണ്ട് വൈദ്യുത ഉപകരണങ്ങൾ കൈകാര്യം ചെയ്യുകയോ സ്വിച്ച് പ്രവർത്തിപ്പിക്കുകയോ ചെയ്യരുത്.<br>• സ്വിച്ച് ഓഫാക്കിയ ശേഷം മാത്രമേ സോക്കറ്റിൽ പ്ലഗ് ഘടിപ്പിക്കാനും സോക്കറ്റിൽനിന്നു വിടുതൽ ചെയ്യാനും പാടുള്ളൂ.<br>• വൈദ്യുതോപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടി വരുമ്പോൾ റബർ ചെരുപ്പ് ധരിക്കുക.<br>• വൈദ്യുത ലൈനുകൾക്കു സമീപം പട്ടം പറത്തരുത്.<br>• ടേബിൾ ഫാൻ ഉപയോഗിച്ച് തലമുടി ഉണക്കരുത്. |
| വൈദ്യുതാഘാതമേൽക്കുമ്പോൾ നൽകേണ്ട-പ്രഥമശുശ്രൂഷ - | • ശരീരതാപനില വർദ്ധിപ്പിക്കുക (ശരീരം തിരുമ്മി ചൂടുപിടിപ്പിക്കുക)<br>• കൃത്രിമ ശ്വാസോച്ഛ്വാസം നൽകുക.<br>• മസിലുകൾ തിരുമ്മി പൂർവസ്ഥിതിയിലാക്കുക.<br>• ഹൃദയം പ്രവർത്തിപ്പിക്കാനുള്ള പ്രഥമശുശ്രൂഷ ആരംഭിക്കുക. (നെഞ്ചിൽ ക്രമമായി, ശക്തിയായി അമർത്തുക)<br>• എത്രയും പെട്ടന്ന് അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക. |

# പ്രകാശപ്രതിഭാസങ്ങൾ (unit, 4,5,6)

## പ്രകാശപ്രതിപതനം

➔ വസ്തുക്കളുടെ ഉപരിതലങ്ങളിൽത്തട്ടി പ്രകാശരശ്മികൾ അതേ മാധ്യമത്തിലേക്കു തന്നെ തിരികെ വരുന്നതാണ് പ്രകാശ പ്രതിപതനം




## പ്രതിപതന നിയമങ്ങൾ

➔ പതനകോണും (i) പ്രതിപതനകോണും (r) തുല്യമാണ്.

➔ പതനരശ്മിയും പ്രതിപതനരശ്മിയും പതനബിന്ദുവിലേക്ക് പ്രതിപതനതലത്തിനു വരയ്ക്കുന്ന ലംബവും ഒരേ തലത്തിലായിരിക്കും.

| ക്രമ പ്രതിപതനം | വിസരിത പ്രതിപതനം |
|---|---|
|  |  |
| ● മിനുസമായ പ്രതലങ്ങളിൽ സംഭവിക്കുന്നു | ● പരുപരുത്ത പ്രതലങ്ങളിൽ സംഭവിക്കുന്നു |
| ● പതന കിരണങ്ങൾ സമാന്തരങ്ങളായാൽ പ്രതിപനകിരണങ്ങളും സമാന്തരങ്ങളാണ് | ● പതന കിരണങ്ങൾ സമാന്തരങ്ങളായിരുന്നാലും പ്രതിപന കിരണങ്ങൾ സമാന്തരങ്ങളായിരിക്കില്ല |
| ● പ്രതിബിംബം രൂപപ്പെടുന്നു | ● പ്രതിബിംബം രൂപപ്പെടുന്നില്ല |
| ● പതനകോണും പ്രതിപതനകോണും തുല്യമാണ് | ● പതനകോണും പ്രതിപതനകോണും തുല്യമാണ് |

**ആവർത്തന പ്രതിപതനവും പ്രതിബിംബങ്ങളുടെ എണ്ണവും**

പ്രതിബിബംങ്ങളുടെ എണ്ണം $(n) = (360 / \theta) - 1$

$\theta$ = ദർപ്പണങ്ങൾ തമ്മിലുള്ള കോണളവ്



| യഥാർത്ഥ പ്രതിബിംബം | മിഥ്യാപ്രതിബിംബം |
|---|---|
| ● സ്ക്രീനിൽ രൂപീകരിക്കപ്പെടുന്നു | ● സ്ക്രീനിൽ രൂപപ്പെടുന്നില്ല |
| ● തലകീഴായതാണ് | ● നിവർന്നതാണ് |
| ● ദർപ്പണത്തിനു മുന്നിൽ രൂപപ്പെടുന്നു | ● ദർപ്പണത്തിനു പിറകിൽ രൂപപ്പെടുന്നു |
| ● വസ്തുവിൽ നിന്നുള്ള പ്രകാശരശ്മികൾ ദർപ്പണത്തിൽ തട്ടി പ്രതിപതിച്ച് കൂട്ടിമുട്ടുന്നതിനാൽ രൂപപ്പെടുന്നു. | ● വസ്തുവിൽ നിന്നുള്ള പ്രകാശരശ്മികൾ പ്രതിപതനത്തിനു ശേഷം കൂട്ടിമുട്ടുന്നതായി തോന്നുന്നതിനാൽ രൂപപ്പെടുന്നു. |
| ● കോൺകേവ് ദർപ്പണത്തിൽ രൂപപ്പെടുന്നു. | ● കോൺവെക്സ് ദർപ്പണം, കോൺകേവ് ദർപ്പണം, സമതലദർപ്പണം എന്നിവയിൽ രൂപപ്പെടുന്നു. |

| സമതല ദർപ്പണം  | കോൺവെക്സ് ദർപ്പണം  | കോൺകേവ് ദർപ്പണം  |
|---|---|---|
| • ദർപ്പണത്തിന്റെ പ്രതലം സമതലമാണ് | • ദർപ്പണത്തിന്റെ പ്രതലം പുറത്തേക്ക് തള്ളി നിൽക്കുന്നു | • ദർപ്പണത്തിന്റെ പ്രതലം അകത്തേക്ക് കുഴിഞ്ഞ് നിൽക്കുന്നു |
| • പ്രതിബിംബം എപ്പോഴും മിഥ്യയും നിവർന്നതും വസ്തുവിന്റെ തുല്യ വലുപ്പത്തിലുള്ളതും ആയിരിക്കും | • പ്രതിബിംബം എപ്പോഴും മിഥ്യയും നിവർന്നതും വസ്തുവിനേക്കാൾ ചെറുതും ആയിരിക്കും | • വസ്തുവിനേക്കാൾ വലിയ മിഥ്യാ പ്രതിബിംബവും വസ്തുവിന്റെ അതേ വലുപ്പത്തിലുള്ളതും വസ്തുവിനേക്കാൾ വലുതും വസ്തുവിനേക്കാൾ ചെറുതും ആയ യഥാർത്ഥ പ്രതിബിംബങ്ങളും രൂപീകരിക്കുന്നു. |
| • മുഖം നോക്കുന്നതിനായും പെരിസ്കോപ്പ്, കാലിഡോസ്കോപ്പ് തുടങ്ങിയ ഉപകരണങ്ങളിലും ഉപയോഗിക്കുന്നു. | • വാഹനങ്ങളിലെ റിയർ വ്യൂ മിറർ ആയും തെരുവ് വിളക്കുകളിൽ റിഫ്ളക്ടർ ആയും ഉപയോഗിക്കുന്നു. | • ഷേവിങ് ദർപ്പണമായും മേക്കപ്പ് മിററായും ഡെന്റിസ്റ്റുകൾ ഉപയോഗിക്കുന്ന ദർപ്പണമായും ടോർച്ച്, സേർച്ച് ലൈറ്റ്, വാഹനങ്ങളിലെ ഹെഡ് ലൈറ്റ് തുടങ്ങിയവയിൽ റിഫ്ളക്ടർ ആയും, സോളാർ കോൺ സന്റ്രേറ്ററുകളിലും ഉപയോഗിക്കുന്നു. |

**പ്രകാശിക സാന്ദ്രത**

- ➔ പ്രകാശവേഗത്തെ സ്വാധീനിക്കാനുള്ള ഒരു മാധ്യമത്തിന്റെ കഴിവാണ് പ്രകാശിക സാന്ദ്രത.
- ➔ പ്രകാശിക സാന്ദ്രത കൂടിയ മാധ്യമത്തിൽ പ്രകാശവേഗം കുറവായിരിക്കും.

**പ്രകാശവേഗം കൂടി വരുന്ന ക്രമം.**

വജ്രം < ഗ്ലാസ് < ജലം < വായു

**പ്രകാശിക സാന്ദ്രത കൂടി വരുന്ന ക്രമം**

വായു < ജലം < ഗ്ലാസ് < വജ്രം

**പ്രകാശത്തിന്റെ അപവർത്തനം**

- ➔ ഒരു സുതാര്യ മാധ്യമത്തിൽ നിന്നു പ്രകാശിക സാന്ദ്രതയിൽ വ്യത്യാസമുള്ള മറ്റൊരു സുതാര്യ മാധ്യമത്തിലേക്ക് പ്രകാശം ചരിഞ്ഞ് പതിക്കുമ്പോൾ മാധ്യമങ്ങളുടെ വിഭജനതലത്തിൽ വച്ച് പ്രകാശ പാതയ്ക്ക് വ്യതിയാനം സംഭവിക്കുന്നതാണ് അപവർത്തനം.
- ➔ അപവർത്തനത്തിനു കാരണം - മാധ്യമങ്ങളുടെ പ്രകാശിക സാന്ദ്രതയിലുള്ള വ്യത്യാസം.

| | |
|---|---|
| ● പ്രകാശിക സാന്ദ്രത കുറഞ്ഞ മാധ്യമത്തിൽ നിന്നു കൂടിയ മാധ്യമത്തിലേക്കു പ്രകാശം ചരിഞ്ഞു പതിക്കുമ്പോൾ,   | ● അപവർത്തന രശ്മി - ലംബത്തോട് അടുക്കുന്നു. (പതനകോൺ അപവർ ത്തനകോണിനേക്കാൾ കൂടുതലായിരിക്കും) |
| ● പ്രകാശിക സാന്ദ്രത കൂടിയ മാധ്യമത്തിൽ നിന്നു കുറഞ്ഞ മാധ്യമത്തിലേക്കു പ്രകാശം ചരിഞ്ഞു പതിക്കുമ്പോൾ,   | ● അപവർത്തന രശ്മി - ലംബത്തിൽ നിന്നകലുന്നു. (അപവർത്തനകോൺ പതനകോണിനേക്കാൾ കൂടുതലായിരിക്കും) |
| ● ഒരു മാധ്യമത്തിലേക്കു ലംബമായി പതിക്കുന്ന പ്രകാശരശ്മിക്ക് ,   | ● അപവർത്തനം സംഭവിക്കുന്നില്ല. |

➔ പതനകോൺ കൂടി വരുമ്പോൾ അപവർത്തനകോണും കൂടിവരുന്നു.

**അപവർത്തന നിയമങ്ങൾ**

➔ പതനകോൺ, അപവർത്തനകോൺ, വിഭജനതലത്തിൽ പതനബിന്ദുവിലൂടെ വരച്ച ലംബം എന്നിവ ഒരേ തലത്തിൽ ആയിരിക്കും.

➔ പതനകോണിന്റെയും അപവർത്തനകോണിന്റെയും sine വിലകൾ തമ്മിലുള്ള അനുപാതവില (sine i / sine r) ഒരു സ്ഥിരസംഖ്യ (അപവർത്തനാങ്കം) ആയിരിക്കും. (സ്നെൽ നിയമം).

**ആപേക്ഷിക അപവർത്തനാങ്കം** - ഒരു മാധ്യമത്തിന് മറ്റൊരു മാധ്യമത്തെ അപേക്ഷിച്ചുള്ള അപവർ ത്തനാങ്കമാണ് ആപേക്ഷിക അപവർത്തനാങ്കം.

**കേവല അപവർത്തനാങ്കം (n)** – ശൂന്യതയെ (വായുവിനെ) അപേക്ഷിച്ചുള്ള ഒരു മാധ്യമത്തിന്റെ അപവർത്തനാങ്കമാണ് കേവല അപവർത്തനാങ്കം.

കേവല അപവർത്തനാങ്കം (n) = sin i / sin r or n = c/v

c = വായുവിലെ പ്രകാശവേഗം ($3 \times 10^8$ m/s)

v = മാധ്യമത്തിലെ പ്രകാശവേഗം

- പ്രകാശവേഗം കൂടിയ മാധ്യമത്തിന് (പ്രകാശിക സാന്ദ്രത കുറഞ്ഞത്) അപവർത്തനാങ്കം കുറവായിരിക്കും.
- പ്രകാശവേഗം കുറഞ്ഞ മാധ്യമത്തിന് (പ്രകാശിക സാന്ദ്രത കൂടിയതിന്) അപവർത്തനാങ്കം കൂടുതലായിരിക്കും.

**അപവർത്തനാങ്കം കൂടി വരുന്ന ക്രമം**

വായു (1) < ജലം (1.33) < ഗ്ലാസ്(1.5) < വജ്രം(2.4)

| | |
|---|---|
| ◆ പ്രകാശവേഗം കൂടി വരുന്ന ക്രമം | ◆ വജ്രം < ഗ്ലാസ് < ജലം < വായു |
| ◆ പ്രകാശിക സാന്ദ്രത കൂടിവരുന്ന ക്രമം | ◆ വായു < ജലം < ഗ്ലാസ് < വജ്രം |
| ◆ അപവർത്തനാങ്കം കൂടിവരുന്ന ക്രമം | ◆ വായു (1) < ജലം (1.33) < ഗ്ലാസ്(1.5) < വജ്രം(2.4) |

**ക്രിട്ടിക്കൽ കോൺ**

➔ പ്രകാശരശ്മി പ്രകാശികസാന്ദ്രത കൂടിയ മാധ്യമത്തിൽ നിന്ന് പ്രകാശികസാന്ദ്രത കുറഞ്ഞ മാധ്യമത്തിലേക്ക് കടക്കുമ്പോൾ അപവർത്തനകോൺ $90^0$ ആവുന്ന സന്ദർഭത്തിലെ പതനകോണാണ് ക്രിട്ടിക്കൽ കോൺ. ജലത്തിലെ ക്രിട്ടിക്കൽ കോണളവ് $48.6^0$ ആണ്.

**പൂർണാന്തര പ്രതിപതനം**

➔ പ്രകാശികസാന്ദ്രത കൂടിയ മാധ്യമത്തിൽനിന്ന് കുറഞ്ഞ മാധ്യമത്തിലേക്ക് ക്രിട്ടിക്കൽ കോണിനേക്കാൾ കൂടിയ പതനകോണിൽ പ്രകാശരശ്മി പ്രവേശിക്കുമ്പോൾ ആ രശ്മി അപവർത്തനത്തിനു വിധേയമാകാതെ അതേ മാധ്യമത്തിലേക്ക് പ്രതിപതിക്കുന്നതാണ് **പൂർണാന്തരപ്രതിപതനം.**

**നിത്യജീവിതത്തിൽ പൂർണാന്തരപ്രതിപതനത്തിന്റെ പ്രായോഗിക ഉപയോഗങ്ങൾ**

➔ ചികിത്സാരംഗത്ത് → എൻഡോസ്കോപ്പ്

➔ വാർത്താവിനിമയരംഗത്ത് → ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ.

**ലെൻസ്**

➔ ഗോളോപരിതലങ്ങളുള്ള സുതാര്യ മാധ്യമമാണ് **ലെൻസ്.**

➔ ഒരു ലെൻസിന്റെ മധ്യബിന്ദുവാണ് **പ്രകാശികകേന്ദ്രം (P).**

- ലെൻസിന്റെ വശങ്ങൾ ഭാഗങ്ങളായി വരുന്ന സാങ്കല്പികഗോളങ്ങളുടെ കേന്ദ്രങ്ങളാണ് **വക്രതാകേന്ദ്രങ്ങൾ (C).**
- ലെൻസിന്റെ രണ്ടു വക്രതാകേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് പ്രകാശികകേന്ദ്രത്തിൽക്കൂടി കടന്നുപോകുന്ന സാങ്കല്പികരേഖയാണ് **മുഖ്യ ആക്ഷം.**
- കോൺവെക്സ് ലെൻസിന്റെ മുഖ്യ അക്ഷത്തിനു സമീപവും സമാന്തരവുമായി ലെൻസിൽ പതിക്കുന്ന പ്രകാശരശ്മികൾ അപവർത്തനത്തിനുശേഷം മുഖ്യ അക്ഷത്തിലുള്ള ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കുന്നു. ഈ ബിന്ദുവിനെ കോൺവെക്സ് ലെൻസിന്റെ **മുഖ്യഫോക്കസ്** എന്നു പറയുന്നു.
- കോൺകേവ് ലെൻസിന്റെ മുഖ്യ അക്ഷത്തിനു സമീപവും സമാന്തരവുമായി ലെൻസിൽ പതിക്കുന്ന പ്രകാശരശ്മികൾ അപവർത്തനത്തിനുശേഷം പരസ്പരം അകലുന്നു. ഈ രശ്മികൾ പതനരശ്മികളുടെ അതേ വശത്ത് മുഖ്യ അക്ഷത്തിലുള്ള ഒരു ബിന്ദുവിൽനിന്നു പുറപ്പെടുന്നതായി തോന്നുന്നു. ഈ ബിന്ദുവാണ് **കോൺകേവ് ലെൻസിന്റ മുഖ്യഫോക്കസ്.**

| **കോൺകേവ് ലെൻസ്**  | **കോൺവെക്സ് ലെൻസ്**  |
|---|---|
| ◆ മധ്യഭാഗം കട്ടി കുറഞ്ഞതും വശങ്ങളിൽ കട്ടി കൂടിയതുമായ ലെൻസ്. | ◆ മധ്യഭാഗം കട്ടി കൂടിയതും വശങ്ങളിൽ കട്ടി കുറഞ്ഞതുമായ ലെൻസ്. |
| ◆ മിഥ്യയും നിവർന്നതും ചെറുതുമായ പ്രതിബിംബം മാത്രം രൂപീകരിക്കുന്നു. | ◆ വസ്തുവിനേക്കാൾ വലിയ മിഥ്യാ പ്രതിബിംബവും വസ്തുവിന്റെ അതേ വലുപ്പത്തിലുള്ളതും വസ്തുവിനേക്കാൾ വലുതും വസ്തുവിനേക്കാൾ ചെറുതും ആയ യഥാർത്ഥ പ്രതിബിംബങ്ങളും രൂപീകരിക്കുന്നു. |
| ◆ വസ്തു ഇരിക്കുന്ന അതേ വശത്തുമാത്രം പ്രതിബിംബം രൂപീകരിക്കുന്നു. | ◆ മിഥ്യാ പ്രതിബിംബം വസ്തു ഇരിക്കുന്ന അതേ വശത്തും യഥാർത്ഥ പ്രതിബിംബങ്ങൾ ലെൻസിന്റെ മറു വശത്തും രൂപീകരിക്കുന്നു. |
| ◆ വസ്തുവിൽ നിന്നുള്ള പ്രകാശ രശ്മികൾ അപവർത്തനത്തിനു ശേഷം കൂട്ടിമുട്ടുന്നതായി തോന്നുന്ന സ്ഥലത്ത് പ്രതിബിംബം രൂപീകരിക്കുന്നു. | ◆ വസ്തുവിൽ നിന്നുള്ള പ്രകാശ രശ്മികൾ അപവർ ത്തനത്തിനു ശേഷം കൂട്ടിമുട്ടുന്ന സ്ഥലത്ത് യഥാർഥ പ്രതിബിംബവും കൂട്ടിമുട്ടുന്നതായി തോന്നുന്ന സ്ഥലത്ത് മിഥ്യാ പ്രതിബിംബവും രൂപീകരിക്കുന്നു. |
| ◆ മിഥ്യാ ഫോക്കസ് | ◆ യഥാർഥ ഫോക്കസ് |
| ◆ ഹ്രസ്വ ദൃഷ്ടി പരിഹരിക്കുന്നതിനുപോയഗിക്കു ന്നു. | ◆ മാഗ്നിഫൈയിങ് ഗ്ലാസായും മൈക്രോസ്കോപ്പ്, ക്യാമറ, പ്രൊജക്ടർ, ടെലസ്കോപ്പ് തുടങ്ങിയ ഉപകരണങ്ങളിലും ദീർഘദൃഷ്ടി, വെള്ളെഴുത്ത് തുടങ്ങിയ നേത്ര വൈകല്യങ്ങൾ പരിഹരിക്കുന്നതിനും ഉപയോഗിക്കുന്നു. |

**കോൺകേവ് ദർപ്പണം , കോൺവെക്സ് ലെൻസ് എന്നിവയിലെ പ്രതിബിംബ രൂപീകരണം - താരതമ്യം**

| കോൺകേവ് ദർപ്പണം | | കോൺവെക്സ് ലെൻസ് | | പ്രതിബിംബത്തിന്റെ സവിശേഷതകൾ |
|---|---|---|---|---|
| വസ്തുവിന്റെ സ്ഥാനം | പ്രതിബിംബത്തിന്റെ സ്ഥാനം | വസ്തുവിന്റെ സ്ഥാനം | പ്രതിബിംബത്തിന്റെ സ്ഥാനം | |
| അനന്തതയിൽ | F ൽ | അനന്തതയിൽ | ലെൻസിന്റെ മറുവശത്ത് F ൽ | യഥാർഥം, തലകീഴായത്, ചെറുത്. |
| C ക്ക് അപ്പുറം | C ക്കും F നും ഇടയിൽ | 2 F ന് അപ്പുറം | ലെൻസിന്റെ മറുവശത്ത് 2F നും F നും ഇടയിൽ | യഥാർഥം, തലകീഴായത്, ചെറുത്. |
| C യിൽ | C യിൽ | 2F ൽ | ലെൻസിന്റെ മറുവശത്ത് 2F ൽ | യഥാർഥം, തലകീഴായത്, വസ്തുവിന്റെ അതേ വലുപ്പം. |
| C ക്കും F നും ഇടയിൽ | C ക്ക് അപ്പുറം | 2F നും F നും ഇടയിൽ | ലെൻസിന്റെ മറുവശത്ത് 2 F ന് അപ്പുറം | യഥാർഥം, തലകീഴായത്, വലുത്. |
| F ൽ | അനന്തതയിൽ | F ൽ | അനന്തതയിൽ | യഥാർഥം, തലകീഴായത്, വലുത്. |
| F നും ദർപ്പണത്തിനും (P) ഇടയിൽ | ദർപ്പണത്തിനു പിറകിൽ | F നും ലെൻസിനും (O) ഇടയിൽ | വസ്തു ഇരിക്കുന്ന അതേ വശത്ത്. | മിഥ്യ, നിവർന്നത്, വലുത്. |

**കോൺവെക്സ് ലെൻസ് രൂപീകരിക്കുന്ന പ്രതിബിംബത്തിന്റെ രേഖാചിത്രങ്ങൾ**

| | |
|---|---|
| വസ്തു അനന്തതയിൽ |  |

| | |
|---|---|
| വസ്തു 2F ന് അപ്പുറം |  |
| വസ്തു 2F ൽ |  |
| വസ്തു 2F നും F നും ഇടയിൽ |  |
| വസ്തു F ൽ. |  |
| വസ്തു F നും ലെൻസിനും ഇടയിൽ. |  |

**<u>കോൺകേവ് ലെൻസ് രൂപീകരിക്കുന്ന പ്രതിബിംബം</u>**



## ന്യൂ കാർട്ടീഷ്യൻ ചിഹ്ന രീതി

| ദർപ്പണങ്ങൾ | ലെൻസുകൾ |
|---|---|
| ● ദർപ്പണത്തിന്റെ പോൾ മൂലബിന്ദുവായി കണക്കാക്കുന്നു. | ● ലെൻസിന്റെ പ്രകാശിക കേന്ദ്രം മൂലബിന്ദുവായി കണക്കാക്കുന്നു. |
| ● എല്ലാ അളവുകളും മൂലബിന്ദുവിൽ നിന്നളക്കുന്നു. | ● എല്ലാ അളവുകളും മൂലബിന്ദുവിൽ നിന്നളക്കുന്നു. |
| ● പതനരശ്മി ഇടത്തുനിന്ന് വലത്തോട്ട് സഞ്ചിരിക്കുന്നതായി കണക്കാക്കുന്നു. | ● പതനരശ്മി ഇടത്തുനിന്ന് വലത്തോട്ട് സഞ്ചിരിക്കുന്നതായി കണക്കാക്കുന്നു. |
| ● മൂലബിന്ദുവിൽ നിന്ന് വലത്തോട്ട് അളക്കുന്നവ പോസിറ്റീവും എതിർദിശയിൽ അളക്കുന്നവ നെഗറ്റീവുമായിരിക്കും. | ● മൂലബിന്ദുവിൽ നിന്ന് വലത്തോട്ട് അളക്കുന്നവ പോസിറ്റീവും എതിർദിശയിൽ അളക്കുന്നവ നെഗറ്റീവുമായിരിക്കും. |
| ● X അക്ഷത്തിനു മുകളിലേക്കുള്ള ദൂരം പോസിറ്റീവും താഴേക്കുള്ളത് നെഗറ്റീവും ആയിരിക്കും. | ● X അക്ഷത്തിനു മുകളിലേക്കുള്ള ദൂരം പോസിറ്റീവും താഴേക്കുള്ളത് നെഗറ്റീവും ആയിരിക്കും. |

| | സമതല ദർപ്പണം | കോൺവെക്സ് ദർപ്പണം | കോൺകേവ് ദർപ്പണം | കോൺവെക്സ് ലെൻസ് | കോൺകേവ് ലെൻസ് |
|---|---|---|---|---|---|
| വസ്തുവിലേക്കുള്ള ദൂരം (u) | നെഗറ്റീവ് | നെഗറ്റീവ് | നെഗറ്റീവ് | നെഗറ്റീവ് | നെഗറ്റീവ് |
| പ്രതിബിംബത്തിലേക്കുള്ള ദൂരം (v) | പോസിറ്റീവ് | പോസിറ്റീവ് | യഥാർത്ഥ പ്രതിബിംബം (നെഗറ്റീവ്) മിഥ്യാ പ്രതിബിംബം (പോസിറ്റീവ്) | യഥാർത്ഥ പ്രതിബിംബം (പോസിറ്റീവ്) മിഥ്യാ പ്രതിബിംബം (നെഗറ്റീവ്) | നെഗറ്റീവ് |
| ഫോക്കസ് ദൂരം (f) | | പോസിറ്റീവ് | നെഗറ്റീവ് | പോസിറ്റീവ് | നെഗറ്റീവ് |
| വസ്തുവിന്റെ ഉയരം (ho) | പോസിറ്റീവ് | പോസിറ്റീവ് | പോസിറ്റീവ് | പോസിറ്റീവ് | പോസിറ്റീവ് |
| പ്രതിബിംബത്തിന്റെ ഉയരം (hi) | പോസിറ്റീവ് | പോസിറ്റീവ് | യഥാർത്ഥ പ്രതിബിംബം (നെഗറ്റീവ്) മിഥ്യാ പ്രതിബിംബം (പോസിറ്റീവ്) | യഥാർത്ഥ പ്രതിബിംബം (നെഗറ്റീവ്) മിഥ്യാ പ്രതിബിംബം (പോസിറ്റീവ്) | പോസിറ്റീവ് |

| ദർപ്പണങ്ങൾ | ലെൻസുകൾ |
|---|---|
| ദർപ്പണ സമവാക്യം, 1/f = 1/u + 1/v | ലെൻസ് സമവാക്യം, 1/f = 1/v - 1/u |
| f = uv / u+v | f = uv / u-v |
| v = uf / u- f | v = uf / u+f |
| u = vf / v-f | u = fv / f-v |
| ആവർധനം , m = hi / ho = - v / u | ആവർധനം , m = hi / ho = v / u |

**ആവർധനം**

- വസ്തുവിന്റെ ഉയരത്തെ അപേക്ഷിച്ച് പ്രതിബിംബത്തിന്റെ ഉയരം എത്ര മടങ്ങാണ് എന്ന് സൂചിപ്പിക്കുന്നതാണ് ആവർധനം
- ആവർധനം (m) = പ്രതിബിംബത്തിന്റെ ഉയരം (hi) / വസ്തുവിന്റെ ഉയരം (ho)

| | |
|---|---|
| ◆ ആവർധനം നെഗറ്റീവായാൽ | ◆ പ്രതിബിംബം യഥാർത്ഥവും തലകീഴായതും |
| ◆ ആവർധനം പോസിറ്റീവായാൽ | ◆ പ്രതിബിംബം മിഥ്യയും നിവർന്നതും |
| ◆ ആവർധനം 1 ആയാൽ | ◆ വസ്തുവിന്റെ ഉയരവും പ്രതിബിംബത്തിന്റെ ഉയരവും തുല്ല്യമാണ് |
| ◆ ആവർധനം 1 ൽ കുറവായാൽ | ◆ പ്രതിബിംബത്തിന്റെ ഉയരം വസ്തുവിനേക്കാൾ കുറവാണ്. |
| ◆ ആവർധനം 1 ൽ കൂടുതലായാൽ | ◆ പ്രതിബിംബത്തിന്റെ ഉയരം വസ്തുവിനേക്കാൾ കൂടുതലാണ്. |

| ദർപ്പണം / ലെൻസ് | ആവർധനം |
|---|---|
| ◆ സമതല ദർപ്പണം | ◆ + 1 |
| ◆ കോൺവെക്സ് ദർപ്പണം | ◆ പോസിറ്റീവ്, 1 ൽ കുറവ്. |
| ◆ കോൺകേവ് ദർപ്പണം | ◆ - 1, നെഗറ്റീവ് (1 ൽ കുറവോ, കൂടുതലോ), പോസിറ്റീവ് (1 ൽ കൂടുതലോ) ആകാം. |
| ◆ കോൺവെക്സ് ലെൻസ് | ◆ - 1, നെഗറ്റീവ് (1 ൽ കുറവോ, കൂടുതലോ), പോസിറ്റീവ് (1 ൽ കൂടുതലോ) ആകാം. |
| ◆ കോൺകേവ് ലെൻസ് | ◆ പോസിറ്റീവ്, 1 ൽ കുറവ്. |

**ലെൻസിന്റെ പവർ**

- മീറ്ററിലുള്ള ഫോക്കസ് ദൂരത്തിന്റെ വ്യുൽക്രമമാണ് ലെൻസിന്റെ **പവർ. (p = 1/f)**
- ഇതിന്റെ യൂണിറ്റ് **ഡയോപ്റ്റർ** ആണ് (D)
- കോൺവെക്സ് ലെൻസിന്റെ പവർ - പോസിറ്റീവ്
- കോൺകേവ് ലെൻസിന്റെ പവർ - നെഗറ്റീവ്

| നിയർ പോയിന്റ് | ഫാർ പോയിന്റ് |
|---|---|
| ● ഒരു വസ്തുവിനെ വ്യക്തമായി കാണാൻ കഴിയുന്ന ഏറ്റവും അടുത്തുള്ള ബിന്ദു | ● ഒരു വസ്തുവിനെ വ്യക്തമായി കാണാൻ കഴിയുന്ന ഏറ്റവും അകലെയുള്ള ബിന്ദു. |
| ● ആരോഗ്യമുള്ള കണ്ണുകളിൽ 25 cm. | ● ആരോഗ്യമുള്ള കണ്ണുകളിൽ അനന്തത. |

**<u>കണ്ണിന്റെ സമഞ്ജനക്ഷമത</u>**

➔ വസ്തുക്കളുടെ സ്ഥാനം എവിടെയിരുന്നാലും പ്രതിബിംബം റെറ്റിനയിൽ പതിക്കത്തക്കവിധം ലെൻസിന്റെ വക്രത വ്യത്യാസപ്പെടുത്തി ഫോക്കസ് ദൂരം ക്രമീകരിക്കാനുള്ള കഴിവാണ് കണ്ണിന്റെ **സമഞ്ജനക്ഷമത.**

| അടുത്തുള്ള വസ്തുവിനെ നോക്കുമ്പോൾ | അകലെയുള്ള വസ്തുവിനെ നോക്കുമ്പോൾ |
|---|---|
| ◆ സീലിയറി പേശികൾ സങ്കോചിക്കുന്നു. | ◆ സീലിയറി പേശികൾ വിശ്രമാവസ്ഥ പ്രാപിക്കുന്നു. |
| ◆ ലെൻസിന്റെ വക്രത കൂടുന്നു. | ◆ ലെൻസിന്റെ വക്രത കുറയുന്നു. |
| ◆ ലെൻസിന്റെ ഫോക്കസ് ദൂരം കുറയുന്നു. | ◆ ലെൻസിന്റെ ഫോക്കസ് ദൂരം കൂടുന്നു. |

| ഹ്രസ്വ ദൃഷ്ടി | ദീർഘദൃഷ്ടി |
|---|---|
|  |  |
| ● അടുത്തുള്ള വസ്തുക്കളെ വ്യക്തമായി കാണാൻ സാധിക്കുന്നു. | ● അകലെയുള്ള വസ്തുക്കളെ വ്യക്തമായി കാണാൻ സാധിക്കുന്നു. |
| ● അകലെയുള്ള വസ്തുക്കളെ വ്യക്തമായി കാണാൻ സാധിക്കുന്നില്ല. | ● അടുത്തുള്ള വസ്തുക്കളെ വ്യക്തമായി കാണാൻ സാധിക്കുന്നില്ല. |
| ● നിയർ പോയിന്റ് 25 cm ആണ്, ഫാർ പോയിന്റ് അനന്തത ആയിരിക്കില്ല. | ● ഫാർ പോയിന്റ് അനന്തതയാണ്, നിയർ പോയിന്റ് 25 cm ലും കൂടുതലായിരിക്കും. |
| ● അകലെയുള്ള വസ്തുവിന്റെ പ്രതിബിംബം റെറ്റിനയുടെ മുമ്പിലായിരിക്കും രൂപപ്പെടുന്നത്. | ● അടുത്തുള്ള വസ്തുവിന്റ പ്രതിബിംബം റെറ്റിനയുടെ പിറകിൽ രൂപപ്പെടുന്നു. |
| ● നേത്ര ഗോളത്തിന്റെ നീളം കൂടുന്നതുമൂലം സംഭവിക്കാം. | ● നേത്ര ഗോളത്തിന്റെ നീളം കുറയുന്നതുമൂലം സംഭവിക്കാം. |
| ● കണ്ണിലെ ലെൻസിന്റ പവർ കൂടുന്നതുമൂലം (ഫോക്കസ് ദൂരം കുറയുന്നതുമൂലം) സംഭവിക്കാം. | ● കണ്ണിലെ ലെൻസിന്റ പവർ കുറയുന്നതുമൂലം (ഫോക്കസ് ദൂരം കൂടുന്നതുമൂലം) സംഭവിക്കാം. |

| | |
|---|---|
| ● കോൺകേവ് ലെൻസുപയോഗിച്ച് പരിഹരിക്കാം.   | ● കോൺവെക്സ് ലെൻസുപയോഗിച്ച് പരിഹരിക്കാം.   |

**വെള്ളെഴുത്ത്**

- ➔ പ്രായം കൂടുന്നവർക്ക് നിയർ പോയിന്റിലേക്കുള്ള അകലം 25 cm ലും കൂടുതലാകുന്ന വൈകല്യമാണ് വെള്ളെഴുത്ത്.
- ➔ **കാരണം** - സീലിയറി പേശികളുടെ ക്ഷമത കുറയുന്നതിനാൽ പവർ ഓഫ് അക്കോമഡേഷനുള്ള കഴിവ് കുറയുന്നത്.
- ➔ **പരിഹാരം** - കോൺവെക്സ് ലെൻസുപയോഗിക്കുക

| | | |
|---|---|---|
| ● ഒന്നിൽ കൂടുതൽ വർണങ്ങൾ സംയോജിച്ചുണ്ടാകുന്ന പ്രകാശമാണ് **സമന്വിത പ്രകാശം** | ● സമന്വിത പ്രകാശം ഘടകവർണങ്ങളായി വേർതിരിയുന്ന പ്രതിഭാസമാണ് **പ്രകീർണനം.**  | ● പ്രകീർണന ഫലമായുണ്ടാകുന്ന വർണങ്ങളുടെ ക്രമമായ വിതരണത്തെ **വർണരാജി** എന്ന പറയുന്നു. |

**പ്രകീർണനത്തിന് കാരണം**

- ➔ പ്രിസത്തിൽ ചരിഞ്ഞു പതിക്കുന്ന അവസരത്തിലും പ്രിസത്തിൽ നിന്നു പുറത്തു കടക്കുമ്പോഴും പ്രകാശത്തിന് അപവർത്തനം സംഭവിക്കുന്നു. വ്യതിയാനത്തിന്റെ അളവ് തരംഗദൈർഘ്യത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ വ്യത്യസ്ത അളവുകളിൽ വർണങ്ങൾക്ക് വ്യതിയാനം സംഭവിക്കുന്നതാണ് പ്രകീർണനത്തിന് കാരണം.
- ➔ തരംഗ ദൈർഘ്യം കുറഞ്ഞ വർണത്തിന് (വയലറ്റ്) - വ്യതിയാനം കൂടുതൽ സംഭവിക്കുന്നു.
- ➔ തരംഗ ദൈർഘ്യം കൂടിയ വർണത്തിന് (ചുവപ്പ്) - വ്യതിയാനം കുറവ് സംഭവിക്കുന്നു.
- ➔ പ്രിസത്തിന്റെ പാദത്തിൽ നിന്നുള്ള വർണങ്ങളുടെ ക്രമം - വയലറ്റ് (violet), കടും നീല (Indigo), നീല(blue), പച്ച(green), മഞ്ഞ(yellow), ഓറഞ്ച് (orange), ചുവപ്പ്(red).

| | |
|---|---|
| ◆ മഴവില്ല്  | ◆ സൂര്യപ്രകാശത്തിന് അന്തരീക്ഷത്തിലെ ജലകണികകളിൽ സംഭവിക്കുന്ന പ്രകീർണനം മൂലമാണ് മഴവില്ലുണ്ടാകുന്നത്. |
|  | ◆ പ്രകാശം ഒരു ജലകണികയിലൂടെ കടന്നു പോകുമ്പോൾ രണ്ടു പ്രാവശ്യം അപവർത്തനവും ഒരു പ്രാവശ്യം ആന്തരപ്രതിപതനവും സംഭവിക്കുന്നു. |
| ◆ മഴവില്ലിന്റെ പുറം വക്കിൽ കാണപ്പെടുന്ന വർണം - | ◆ ചുവപ്പ് |
| ◆ മഴവില്ലിന്റെ അകത്തെ അരുകിൽ കാണപ്പെടുന്ന വർണം | ◆ വയലറ്റ് |
| ◆ രാവിലെ മഴവില്ല് കാണപ്പെടുന്ന ദിക്ക് | ◆ പടിഞ്ഞാറ് |
| ◆ വൈകുന്നേരം മഴവില്ല് കാണപ്പെടുന്ന ദിക്ക് | ◆ കിഴക്ക് |
| ◆ വിമാനത്തിൽ നിന്ന് നോക്കുമ്പോൾ മഴവില്ലിന്റെ ആകൃതി - | ◆ വൃത്തം |

| | |
|---|---|
| **വീക്ഷണ സ്ഥിരത**<br>ഒരു ദൃശ്യാനുഭവം നമ്മുടെ കണ്ണിന്റെ റെറ്റിനയിൽ 1/16 s തങ്ങി നിൽക്കുന്ന സവിശേഷതയാണ് വീക്ഷണസ്ഥിരത. 1/16 s സമയത്തിനുള്ളിൽ ഒന്നിലധികം ദൃശ്യങ്ങൾ കണ്ടാൽ അവയുടെയെല്ലാം പരിണിത ദൃശ്യാനുഭവം കണ്ണിലുണ്ടാകും. | ● വേഗത്തിൽ ചുഴറ്റുന്ന തീപ്പന്തത്തിന്റെ പാത വൃത്താകൃതിയിൽ കാണുന്നു.<br>● മഴ പെയ്യുന്നത് ഗ്ലാസ് ദണ്ഡുപോലെ കാണുന്നു.<br>● ഫാൻ കറങ്ങുന്നത് ഡിസ്ക് പോലെ കാണപ്പെടുന്നു.<br>● ന്യൂട്ടന്റെ വർണപമ്പരം വേഗത്തിൽ കറക്കുമ്പോൾ വെള്ള നിറത്തിൽ കാണപ്പെടുന്നു. |

| | |
|---|---|
| **വിസരണം**<br>പ്രകാശത്തിന് മാധ്യമത്തിലെ കണങ്ങളിൽ തട്ടി സംഭവിക്കുന്ന ക്രമരഹിതവും ഭാഗീകവുമായ ദിശാവ്യതിയാനമാണ് വിസരണം. | ● ക്ലാസ് മുറിക്കകത്തും വീടിനുള്ളിലും സൂര്യപ്രകാശം എത്തുന്നു.<br>● ആകാശം നീല നിറത്തിൽ കാണുന്നു.<br>● ആഴക്കടൽ നീലനിറത്തിൽ കാണുന്നു. |
| ● തരംഗദൈർഘ്യം കുറഞ്ഞ വർണങ്ങൾക്ക് വിസരണം | ● കൂടുതലായിരിക്കും. |
| ● തരംഗദൈർഘ്യം കൂടിയ വർണങ്ങൾക്ക് വിസരണം | ● കുറവായിരിക്കും. |

| | |
|---|---|
| ● കണങ്ങളുടെ വലുപ്പം കൂടുന്നതനുസരിച്ച് വിസരണം | ● കൂടി വരുന്നു. |
| ● കണങ്ങളുടെ വലുപ്പം പ്രകാശത്തിന്റെ തരംഗദൈർഘ്യത്തേക്കാൾ കൂടുതലായാൽ, | ● എല്ലാ വർണങ്ങൾക്കും വിസരണം ഒരു പോലെയായിരിക്കും. |
| ● ഉദയാസ്തമയ സമയങ്ങളിൽ സൂര്യൻ ചുവപ്പുനിറത്തിൽ കാണപ്പെടുന്നു. | ● ഉദയാസ്തമയ സമയങ്ങളിൽ സൂര്യനിൽ നിന്നുള്ള പ്രകാശം അന്തരീക്ഷത്തിലൂടെ കൂടുതൽ ദൂരം സഞ്ചരിക്കുമ്പോൾ തരംഗദൈർഘ്യം കുറഞ്ഞ വർണങ്ങൾ വിസരണം ചെയ്ത് നഷ്ടപ്പെടുന്നതിനാൽ അവശേഷിക്കുന്ന തരംഗദൈർഘ്യം കൂടിയ ചുവപ്പ് വർണത്തിൽ സൂര്യനെ കാണുന്നു. |
| ● വാഹനങ്ങളുടെ ടെയിൽ ലാമ്പുകൾക്കും സിഗ്നൽ ലാമ്പുകൾക്കും ചുവപ്പ് നിറം നൽ കിയിരിക്കുന്നു. | ● ചുവപ്പിന് തരംഗദൈർഘ്യം കൂടുതലായതിനാൽ വിസരണം സംഭവിക്കാതെ കൂടുതൽ ദൂരം സഞ്ചരിക്കാൻ കഴിയുന്നു. |
| ● ആകാശം നീല നിറത്തിൽ കാണപ്പെടുന്നു. | ● തരംഗദൈർഘ്യം കുറഞ്ഞ വർണങ്ങളായ വയലറ്റ്, കടും നീല, നീല എന്നീ വർണങ്ങൾ അന്തരീക്ഷത്തിലെ കണങ്ങളിൽ തട്ടി കൂടുതൽ വിസരണത്തിന് വിധേയമാകുന്നു. |
| ● ചന്ദ്രനിൽ ആകാശം ഇരുണ്ട നിറത്തിൽ കാണുന്നു. | ● ചന്ദ്രനിൽ അന്തരീക്ഷം ഇല്ലാത്തതിനാൽ പ്രകാശത്തിന് വിസരണം സംഭവിക്കുന്നില്ല. |

**ടിന്റൽ പ്രഭാവം**

➔ ഒരു കൊളോയിഡൽ ദ്രവത്തിലൂടെയോ സസ്പെൻഷനിലൂടെയോ പ്രകാശകിരണങ്ങൾ കടന്നുപോകുമ്പോൾ അവയ്ക്കുന്ന സംഭവിക്കുന്ന വിസരണം മൂലം വളരെ ചെറിയ കണങ്ങൾ പ്രകാശിതമാകുന്നു. അതിനാൽ പ്രകാശത്തിന്റെ സഞ്ചാരപാത ദൃശ്യമാകുന്നു.

**പ്രകാശമലനീകരണം** - അമിതമായ അളവിലും വിവേചനരഹിതമായ രീതിയിലുമുള്ള പ്രകാശത്തിന്റെ ഉപയോഗമാണ് പ്രകാശമലിനീകരണം.

Prepared by
Joji George, HST, St. Johns Syrian HSS Vadakara

**ഊർജ പരിപാലനം (Unit 7)**

| | |
|---|---|
| • ഇന്ധനങ്ങൾ - | • കത്തുമ്പോൾ ധാരാളമായി താപം പുറത്തുവിടുന്നവയാണ് ഇന്ധനങ്ങൾ |
| • ഖരാവസ്ഥയിലുള്ള ഇന്ധനങ്ങൾ - | • വിറക്, കൽക്കരി |
| • ദ്രാവകാവസ്ഥയിലുള്ള ഇന്ധനങ്ങൾ - | • പെട്രോൾ, ഡീസൽ, മണ്ണെണ്ണ |
| • വാതകാവസ്ഥയിലുള്ള ഇന്ധനങ്ങൾ - | • ബയോഗ്യാസ്, എൽ.പി.ജി, സി.എൻ.ജി, എൽ. എൻ.ജി. |

| | പൂർണ ജ്വലനം | ഭാഗിക ജ്വലനം |
|---|---|---|
| | • ഇന്ധനങ്ങൾ ഓക്സിജനുമായി തീക്ഷണമായി പ്രതിപ്രവർത്തിച്ച് താപവും പ്രകാശവും അതോടൊപ്പം കാർബൺ ഡൈഓക്സൈഡും നീരാവിയും ഉണ്ടാകുന്നതാണ് പൂർണജ്വലനം. | • ജ്വലനത്തിനാവശ്യമായ ഓക്സിജൻ ലഭ്യമല്ലെങ്കിൽ ജ്വലനത്തിന്റെ തോത് കുറയും. ഇതാണ് ഭാഗിക ജ്വലനം. |
| പൂർണജ്വലനം നടക്കാൻ ഇന്ധനങ്ങൾ ക്കുണ്ടായിരിക്കേണ്ട സവിശേഷതകൾ - | • ജ്വലനത്തിനാവശ്യമായ ഓക്സിജൻ ലഭ്യമാക്കണം<br>• ഖര ഇന്ധനങ്ങൾ ഉണങ്ങിയതായിരിക്കണം<br>• ജ്വലിക്കാനാവശ്യമായ താപനിലയിലെത്തിച്ചേരണം | |
| സവിശേഷതകൾ - (മേന്മകൾ / ദോഷങ്ങൾ) | • കാർബൺ മോണോക്സൈഡ് ഉണ്ടാകുന്നില്ല.<br>• താപോർജം കൂടുതൽ<br>• കരി ഉണ്ടാകുന്നില്ല<br>• പുക കുറവാണ്<br>• ഇന്ധന നഷ്ടം കുറവ് | • കാർബൺ മോണോക്സൈഡ് ഉണ്ടാകുന്നു.<br>• കരി, പുക എന്നിവ ഉണ്ടാകുന്നു.<br>• ജ്വലനത്തിന്റെ നിരക്ക് കുറവ്<br>• അന്തരീക്ഷമലിനീകരണം<br>• ഇന്ധനനഷ്ടം കൂടുതൽ |

**ഫോസിൽ ഇന്ധനങ്ങൾ**

➔ ലക്ഷക്കണക്കിനു വർഷങ്ങൾക്കുമുമ്പ് മണ്ണിനടിയിൽപ്പെട്ടു പോയ സസ്യങ്ങളും ജീവികളും വായുവിന്റെ അസാന്നിധ്യത്തിൽ ഉന്നത താപനിലയിലും മർദ്ദത്തിലും രൂപാന്തരം പ്രാപിച്ചുണ്ടായതാണ് ഫോസിൽ ഇന്ധനങ്ങൾ.

| ഫോസിൽ ഇന്ധനങ്ങൾ | | |
|---|---|---|
| **കൽക്കരി** | **പെട്രോളിയം** | **പ്രകൃതി വാതകം** |
| • ഏറ്റവും കൂടുതലുള്ള ഫോസിൽ ഇന്ധനം<br>• പ്രധാന ഘടകം **കാർബൺ**<br>• അടങ്ങിയിട്ടുള്ള കാർബണിന്റെ അളവിനെ അടിസ്ഥാനമാക്കി **പീറ്റ്** , **ലിഗ്നൈറ്റ്, ബിറ്റുമിനസ് കോൾ, ആന്ത്രസൈറ്റ്** എന്നിങ്ങനെ നാലായി തിരിച്ചിരിക്കുന്നു.<br>• കൽക്കരിയെ വായുവിന്റെ അസാന്നിദ്ധ്യത്തിൽ സ്വേദനം ചെയ്താൽ **അമോണിയ, കോൾഗ്യാസ്, കോൾട്ടാർ, കോക്ക്** എന്നിവ ലഭിക്കും. | • മണ്ണിൽ നിന്ന് ഖനനം ചെയ്തെടുക്കുന്ന അസംസകൃത എണ്ണ.<br>• പെട്രോളിയത്തെ അംശികസ്വേദനം ചെയ്താൽ **പെട്രോൾ, ഡീസൽ, മണ്ണെണ്ണ, നാഫ്ത, പെട്രോളിയം വാതകം(LPG)** തുടങ്ങിയ ഇന്ധനങ്ങൾ ലഭിക്കുന്നു. | • പെട്രോളിയത്തോടൊപ്പം ലഭിക്കുന്നു.<br>• ഇവയിൽ നിന്നാണ് **സി.എൻ.ജി (Compressed Natural Gas), എൽ. എൻ. ജി (Liquefied Natural Gas)** എന്നീ ഇന്ധനങ്ങൾ ലഭിക്കുന്നത്.<br>• പ്രധാന ഘടകം **മീഥെയ്ൻ** ആണ്. |

| **എൽ. പി. ജി . (Liquefied Petroleum Gas)** | **സി.എൻ.ജി (Compressed Natural Gas)** | **എൽ. എൻ. ജി (Liquefied Natural Gas)** |
|---|---|---|
| • പെട്രോളിയത്തിൽ നിന്ന് ലഭിക്കുന്നു. | • പ്രകൃതിവാതകത്തിൽ നിന്ന് ലഭിക്കുന്നു. | • പ്രകൃതിവാതകത്തിൽ നിന്ന് ലഭിക്കുന്നു. |
| • പ്രധാന ഘടകം ബ്യൂട്ടെയ്ൻ | • പ്രധാന ഘടകം മീഥെയ്ൻ | • പ്രധാന ഘടകം മീഥെയ്ൻ |
| • പാചക വാതകമായും വാഹനങ്ങളിൽ ഇന്ധനമായും ഉപയോഗിക്കുന്നു. | • വാഹനങ്ങളിലും, വ്യവസായ ശാലകളിലും, തെർമൽ പവർ സ്റ്റേഷനുകളിലും ഇന്ധനമായി ഉപയോഗിക്കുന്നു. | • വാഹനങ്ങളിലും, വ്യവസായ ശാലകളിലും, തെർമൽ പവർ സ്റ്റേഷനുകളിലും ഇന്ധനമായി ഉപയോഗിക്കുന്നു. |
| • ദ്രാവകാവസ്ഥയിലാണ് കൊണ്ടു പോകുന്നത്.<br>• നിറമോ മണമോ ഇല്ല.<br>• വാതക ചോർച്ച തിരിച്ചറിയാനായി **ഈതെയ്ൽ മെർക്യാപ്റ്റൻ** കലർത്തുന്നു | • വാതകാവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. | • പ്രകൃതിവാതകത്തെ ദ്രവീകരിച്ച് സൗകര്യപ്രദമായി ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകാം. |

**എൽ. പി. ജി യും സുരക്ഷയും**

| | |
|---|---|
| • സിലിണ്ടറിന്റെ കാലാവധി (Expiry date) | • A24 എന്ന് രേഖപ്പെടുത്തിയ സിലിണ്ടറിന്റെ കാലാവധി 2024 മാർച്ച് 31 വരെയാണ്. |
| • വാതക ചോർച്ച തിരിച്ചറിയാനായി - | • **ഈതെയ്ൽ മെർക്യാപ്റ്റൻ** കലർത്തുന്നു. |
| • എൽ.പി.ജി യുടെ സാന്ദ്രത - | • വായുവിനേക്കാൾ കൂടുതൽ |
| • ബ്ലെവി (Boiling Liquid Expanding Vapour Explosion) | • വാതകച്ചോർച്ച ഉണ്ടായി തീപ്പിടുത്തം ഉണ്ടായാൽ സിലിണ്ടർ ചൂടാവുകയും ദ്രാവക എൽ.പി.ജി വാതകമാവുകയും ഉള്ളിലെ മർദ്ദം അധികരിക്കുകയും ചെയ്യുന്നു. എൽ.പി.ജി വാതകമാകുമ്പോൾ ആ വാതകത്തെ സിലിണ്ടറിന് ഉൾക്കൊള്ളാൻ കഴിയാതെ വരികയും മർദ്ദം ക്രമാതീതമായി വളർന്ന് ഉഗ്രസ്ഫോടനത്തിന് കാരണമാവുന്നു. |
| • എൽ.പി.ജി വാതക ചോർച്ച മൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ചെയ്യേണ്ട മുൻകരുതലുകൾ - | • റബ്ബർ ട്യൂബ് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തുക.<br>• റെഗുലേറ്റർ ഓൺ ചെയ്തതിനു ശേഷം മാത്രം സ്റ്റൗവിന്റെ നോബ് തിരിക്കുക.<br>• സിലിണ്ടറിന്റെ കാലാവധി കഴിഞ്ഞിട്ടില്ല എന്നുറപ്പാക്കുക.<br>• വാതക ചോർച്ചയുള്ളപ്പോൾ ജനാലകളോടൊപ്പം വാതിലുകളും തുറന്നിടുക. (എൽ.പി.ജി യുടെ സാന്ദ്രത വായുവിനേക്കാൾ കൂടുതലായതിനാൽ)<br>• എൽ.പി.ജി സിലിണ്ടറിൽ വാതക ചോർച്ചയുള്ളപ്പോൾ വൈദ്യുത സ്വിച്ച് ഓൺ ചെയ്യുകയോ ഓഫ് ചെയ്യുകയോ അരുത്. (സ്പാർക്കിങ് മൂലം തീപ്പിടുത്തം ഉണ്ടാകാം) |
| • ഗ്യാസ് ലീക്കുണ്ടായാൽ ചെയ്യേണ്ട കാര്യങ്ങൾ - | • പുറത്തുനിന്ന് വൈദ്യുതബന്ധം വിച്ഛേദിക്കുക.<br>• റെഗുലേറ്റർ ഓഫ് ചെയ്ത് സിലിണ്ടർ ആളൊഴിഞ്ഞ സ്ഥലത്തേക്കു മാറ്റുക.<br>• വാതിലുകളും ജനാലകളും തുറന്നിടുക.<br>• നനഞ്ഞ ചണച്ചാക്കുപയോഗിച്ച് സിലിണ്ടറിന്റെ വായറ്റം മൂടി ഓക്സിജനുമായുള്ള സമ്പർക്കം ഒഴിവാക്കി തീ കെടുത്താം. |

| **ബയോമാസ്** | **ബയോഗ്യാസ്** |
|---|---|
| • സസ്യങ്ങളിൽ നിന്നും ജന്തുക്കളിലും നിന്ന് ലഭിക്കുന്ന ഇന്ധനങ്ങളാണ് ജൈവാവശിഷ്ടങ്ങൾ (ബയോമാസ്) | • ബയോമാസ് ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ചാൽ ഓക്സിജന്റെ അഭാവത്തിൽ ബാക്ടീരിയകളുടെ പ്രവർത്തനഫലമായി ബയോഗ്യാസ് ഉണ്ടാകുന്നു. |

| | |
|---|---|
| • വിറക്, ചാണകവരളി എന്നിവ ബയോമാസാണ്. | • ബയോഗ്യാസിന്റെ പ്രധാനഘടകം മീഥെയ്ൻ കാർബൺ ഡൈ ഓക്സൈഡ് എന്നിവയാണ്. |
| • ഇവയുടെ ജ്വലനം ഭാഗീക ജ്വലനമാണ്.<br>• അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നു. | • ബയോമാസിനെക്കാൾ കലോറിക മൂല്യം കൂടുതലാണ്.<br>• അന്തരീക്ഷ മലിനീകരണം കുറവാണ്.<br>• പ്ലാന്റിൽ നിന്ന് പുറന്തള്ളുന്ന സ്ലറി വളമായി ഉപയോഗിക്കുന്നു. |

| | |
|---|---|
| • കലോറിക മൂല്യം - | • ഒരു കിലോഗ്രാം ഇന്ധനം പൂർണമായി കത്തുമ്പോൾ പുറത്തുവിടുന്ന താപോർജത്തിന്റെ അളവാണ് ആ ഇന്ധനത്തിന്റെ കലോറിക മൂല്യം. |
| • യൂണിറ്റ് | • kJ/kg (കിലോ ജൂൾ പെർ കിലോ ഗ്രാം) |
| • ഏറ്റവും കലോറിക മൂല്യം കൂടിയ ഇന്ധനം - | • ഹൈഡ്രജൻ |

| **ഹൈഡ്രജൻ** | |
|---|---|
| • മേന്മ- | • കലോറിക മൂല്യം കൂടുതലാണ്.<br>• അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നില്ല.<br>• സുലഭമായി ലഭിക്കുന്നു. |
| • പോരായ്മ - | • എളുപ്പം തീപ്പിടിക്കുന്നതും സ്ഫോടക സ്വഭാവമുള്ളതുമായതിനാൽ ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകാനോ സംഭരിക്കാനോ ബുദ്ധിമുട്ടാണ്. |
| • ഉപയോഗിക്കുന്നത് - | • റോക്കറ്റുകളിൽ ഇന്ധനമായി-<br>• ഹൈഡ്രജൻ ഫ്യൂവൽ സെല്ലുകളിൽ ഹൈഡ്രജനും ഓക്സിജനും സംയോജിപ്പിച്ച് വൈദ്യുതി നിർമിക്കുന്നതിന് |

| | |
|---|---|
| • ഒരു നല്ല ഇന്ധനത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ - | • എളുപ്പം ലഭ്യമാകണം.<br>• ചെലവു കുറവായിരിക്കണം.<br>• ഉയർന്ന കലോറികമൂല്യമുണ്ടായിരിക്കണം.<br>• കത്തുമ്പോൾ അന്തരീക്ഷ മലനികരണം കുറവായിരിക്കണം.<br>• സംഭരിച്ചു വയ്ക്കാൻ പര്യാപ്തമായിരിക്കണം. |

| ഹൈഡ്രോ ഇലക്ട്രിക് പവർസ്റ്റേഷൻ | തെർമൽ പവർസ്റ്റേഷൻ | ന്യൂക്ലിയർ പവർസ്റ്റേഷൻ |
|---|---|---|
| • ഉയരത്തിൽ കെട്ടിനിർത്തിയ ജലം പെൻസ്റ്റോക്ക് പൈപ്പ് വഴി താഴേക്ക് ഒഴുക്കി ടർബൈൻ കറക്കി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. | • കൽക്കരി, നാഫ്ത, ലിഗ്നൈറ്റ് എന്നീ ഇന്ധനങ്ങൾ കത്തിച്ച് ജലത്തെ ഉന്നത മർദ്ദത്തിലും താപനിലയിലുമുള്ള നീരാവിയാക്കുന്നു. നീരാവിയുടെ ശക്തി ഉപയോഗിച്ച് ടർബൈൻ കറക്കി വൈദ്യുതി ഉല്പാദിപ്പിക്കുന്നു. | • ന്യൂക്ലിയർ ഊർജം ഉപയോഗിച്ച് ജലം ഉന്നത മർദ്ദത്തിലും താപനിലയിലുമുള്ള നീരാവിയാക്കുന്നു. നീരാവിയുടെ ശക്തി ഉപയോഗിച്ച് ടർബൈൻ കറക്കി വൈദ്യുതി ഉല്പാദിപ്പിക്കുന്നു. |
| • സ്ഥിതികോർജം - ഗതികോർജം - യാന്ത്രികോർജം - വൈദ്യുതോർജം. | • രാസോർജം - താപോർജം - യാന്ത്രികോർജം - വൈദ്യുതോർജം. | • ന്യൂക്ലിയർ ഊർജം - താപോർജം - യാന്ത്രികോർജം - വൈദ്യുതോർജം. |
| • പള്ളിവാസൽ, മൂലമറ്റം, കുറ്റ്യാടി, ശബരിഗിരി | • നെയ് വേലി, കായംകുളം, രാമഗുണ്ടം | • താരാപ്പൂർ, കൽപ്പാക്കം, കോട്ട, കൂടംകുളം |

| സൗരോർജത്തിൽ നിന്ന് വൈദ്യുതോർജം | |
|---|---|
| സോളാർ സെൽ - | • സൂര്യനിൽ നിന്നു വരുന്ന **പ്രകാശോർജത്തെ വൈദ്യുതോർജമാക്കുന്നു.**<br>• PN സന്ധി ഡയോഡാണ്.<br>• **ഫോട്ടോവോൾട്ടായിക് പ്രഭാവം** മൂലം വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നു. (N ഭാഗത്ത് സൂര്യപ്രകാശം പതിക്കുമ്പോൾ P ഭാഗത്ത് ഇലക്ട്രോൺ പ്രവാഹം ഉണ്ടാകുന്നു.) |
| സോളാർ പാനൽ - | • അനേകം സോളാർ സെല്ലുകൾ യോജിപ്പിച്ച് നിർമിച്ചിരിക്കുന്നു.<br>• തെരുവ് വിളക്കുകൾ കത്തിക്കുന്നതിനും, കൃത്രിമ ഉപഗ്രഹങ്ങളുടെ പ്രവർത്തനത്തിനും, ബഹിരാകാശ സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കും, ഉൾവനങ്ങളിലെ വൈദ്യുതാവശ്യങ്ങൾക്കും ഉപയോഗിക്കാം. |
| സോളാർ വോൾട്ടായിക് പവർ പ്ലാന്റ് (SPV) - | • സോളാർ പാനലുകൾ ഉപയോഗിച്ച് നിർമിച്ചിരിക്കുന്നു.<br>• നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലെ സൗരോർജ പവർ പ്ലാന്റ് ഇത്തരത്തിലുള്ളതാണ്. |
| പോരായ്മ - | • രാത്രികാലങ്ങളിലും, മേഘാവൃതമായ കാലാവസ്ഥയിലും പ്രവർത്തിക്കില്ല.<br>• വൈദ്യുതി സംഭരിച്ചു വയ്ക്കുന്നതിന് ബാറ്ററി ആവശ്യമാണ്. |

| സൗരോർജത്തിൽ നിന്ന് താപോർജം | |
|---|---|
| സോളാർ കുക്കർ - | • പാചകത്തിനുപയോഗിക്കുന്നു.<br>• കറുത്ത പെയിന്റടിച്ച (താപം ആഗീരണം ചെയ്യുന്നതിന്) ബോക്സ് , ഗ്ലാസ് മൂടി (പ്രകാശം കടത്തിവിടുന്നതിന്), ദർപ്പണം (പ്രകാശത്തെ പ്രതിപതിപ്പിക്കുന്നതിന്)എന്നിവയാണ് പ്രധാന ഭാഗങ്ങൾ. |
| സോളാർ വാട്ടർ ഹീറ്റർ - | • ജലം ചൂടാക്കുന്നതിനുപയോഗിക്കുന്നു. |
| സോളാർ തെർമൽ പവർ പ്ലാന്റ് - | • സൗരോർജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നു.<br>• കോൺകേവ് റിഫ്ളക്ടറുകൾ ഉപയോഗിച്ച് സൂര്യരശ്മികളെ കറുത്ത പെയിന്റടിച്ചതും ജലം നിറച്ചതുമായ പൈപ്പുകളിൽ ഫോക്കസ് ചെയ്യുന്നു. തദ്ഫലമായി ജലം തിളച്ച് നീരാവിയാകുന്നു. ഈ നീരാവി ഉപയോഗിച്ച് സ്റ്റീം ടർബൈൻ തിരിച്ച് ജനറേറ്റർ പ്രവർത്തിപ്പിക്കുന്നു. |

| | |
|---|---|
| കാറ്റിൽ നിന്ന് ഊർജം- | • കാറ്റിന്റെ ശക്തി ഉപയോഗിച്ച് ടർബൈൻ കറക്കി ജനറേറ്റർ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. |
| മേന്മകൾ - | • പുനസ്ഥാപിക്കാൻ കഴിയുന്നു.<br>• പരിസ്ഥിതിസൗഹൃദപരം<br>• ആവർത്തനച്ചെലവുകൾ ആവശ്യമായി വരുന്നില്ല. |
| പോരായ്മകൾ - | • വർഷത്തിൽ കൂടുതൽ സമയവും കാറ്റ് ലഭിക്കുന്ന സ്ഥലത്തുമാത്രമേ ഇത് സ്ഥാപിക്കാൻ കഴിയൂ.<br>• സ്ഥാപിക്കാൻ ചെലവു കൂടുതലാണ്.<br>• കാറ്റില്ലാത്തപ്പോൾ വൈദ്യുതി ഉപയോഗിക്കാൻ സംഭരണസംവിധാനം വേണ്ടിവരും. |

| കടലിൽ നിന്ന് ഊർജം | |
|---|---|
| വേലിയേറ്റോർജം - | • വേലിയേറ്റ സമയത്ത് സമുദ്രജലത്തെ ഒരു ടാങ്കിനുള്ളിലേക്ക് കടത്തിവിടുന്നു. വേലിയിറക്ക സമയത്ത് ജലം തിരിച്ച് സമുദ്രത്തിലേക്കൊഴുകുന്നു. ഒഴുകുന്ന ഈ ജലത്തിന്റെ ശക്തി ഉപയോഗിച്ച് ടർബൈൻ കറക്കി ജനറേറ്റർ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. |
| തിരമാലയിൽ നിന്ന് ഊർജം - | • തിരമാലകളുടെ ശക്തി ഉപയോഗിച്ച് ടർബൈൻ കറക്കി ജനറേറ്റർ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. |
| സമുദ്ര തപോർജം - | • സമുദ്രത്തിന്റെ ഉപരിതലത്തിന് ഉയർന്ന താപനിലയും ആഴത്തിൽ താപനില കുറവും ആയിരിക്കും. ഈ താപനിലവ്യത്യാസം |

| | |
|---|---|
| | പ്രയോജനപ്പെടുത്തി വൈദ്യുതോർജം നിർമിക്കുന്നവയാണ് ഓഷ്യൻ തെർമൽ എനർജി കൺവെർഷൻ പ്ലാന്റുകൾ. |

| | |
|---|---|
| ജിയോ തെർമൽ എനർജി - | • ഭൂമിയുടെ അകവശത്തുള്ള ഉയർന്നതാപനിലയിലുള്ള മാഗ്മ കട്ടപ്പം കുറഞ്ഞ ഭാഗങ്ങളിലൂടെ കോറിന് പുറത്തുവരുന്നു. ഇത്തരം സ്ഥലങ്ങളാണ് **ഹോട്സ്പോട്ട്.**<br>• ഹോട്സ്പോട്ടിൽ നിന്ന് താപം സ്വീകരിച്ച് ജലം നീരാവിയായി മാറുന്നു. ഈ നീരാവിയെ പാറ തുളച്ച് പൈപ്പുകൾ വഴി കടത്തിവിട്ട് ടർബൈൻ കറക്കി ജനറേറ്റർ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. |

| **ഊർജം ന്യൂക്ലിയസിൽ നിന്ന്** | |
|---|---|
| **ന്യൂക്ലിയർ ഫിഷൻ** | **ന്യൂക്ലിയർ ഫ്യൂഷൻ** |
| • അറ്റോമികഭാരം കൂടിയ ന്യൂക്ലിയസുകളെ ന്യൂട്രോൺ ഉപയോഗിച്ച് ഭാരം കുറഞ്ഞ ന്യൂക്ലിയസുകളായി വിഘടിപ്പിക്കുന്ന പ്രവർത്തനം. | • അറ്റോമികഭാരം കുറഞ്ഞ ന്യൂക്ലിയസുകളെ യോജിപ്പിച്ച് മാസ് കൂടിയ ന്യൂക്ലിയസാക്കി മാറ്റുന്ന പ്രവർത്തനം. |
| • ഐൻസ്റ്റീനിന്റെ $E = mc^2$ എന്ന സമവാക്യമനുസരിച്ച് നഷ്ടപ്പെടുന്ന മാസ് ഊർജമായി മാറുന്നു. | • ഐൻസ്റ്റീനിന്റെ $E = mc^2$ എന്ന സമവാക്യമനുസരിച്ച് നഷ്ടപ്പെടുന്ന മാസ് ഊർജമായി മാറുന്നു. |
| • **ന്യൂക്ലിയാർ റിയാക്ടറുകളിൽ** ഊർജോല്പാദനം ന്യൂക്ലിയർ ഫിഷൻ വഴിയാണ്.<br>• **ആറ്റം ബോംബിന്റെ** പ്രവർത്തനം ന്യൂക്ലിയർ ഫിഷൻ വഴിയാണ്. | • **സൂര്യനിലും നക്ഷത്രങ്ങളിലും** ഊർജോല്പാദനം ന്യൂക്ലിയർ ഫ്യൂഷൻ വഴിയാണ്.<br>• **ഹൈഡ്രജൻ ബോംബിന്റെ** പ്രവർത്തനം ന്യൂക്ലിയർ ഫ്യൂഷൻ വഴിയാണ്. |
| • ഫിഷൻ പ്രവർത്തനത്തെ നിയന്ത്രിച്ച് വൈദ്യുതോർജം ഉല്പാദിപ്പിക്കുന്ന പവർസ്റ്റേഷനുകളാണ് **ന്യൂക്ലിയർ പവർസ്റ്റേഷനുകൾ.**<br>• ന്യൂക്ലിയർ ഊർജത്തെ വൈദ്യുതോർജമാക്കി മാറ്റുന്ന സംവിധാനമാണ് **ന്യൂക്ലിയർ റിയാക്ടർ.**<br>• **സമ്പുഷ്ട യുറേനിയം, കാർബൈഡ്** എന്നിവ ന്യൂക്ലിയർ ഇന്ധനങ്ങളാണ്. | • ഫ്യൂഷൻ പ്രവർത്തനത്തെ നിയന്ത്രിച്ച് ഊർജം ഉല്പാദിപ്പിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. |

| | |
|---|---|
| • ആണവമലിനീകരണം - | • വായു, ജലം പരിസരം എന്നിവിടങ്ങളിൽ ആണവപദാർഥങ്ങൾ, വികിരണങ്ങൾ എന്നിവയുടെ സാന്നിധ്യം മൂലമുണ്ടാകുന്ന മലിനീകരണം. |
| • പ്രകൃതിജന്യമായ ആണവ മലിനീകരണം - | • ബഹിരാകാശത്തുനിന്നുള്ള കോസ്മിക് രശ്മികൾ.<br>• ഭൂമിയിലെ റേഡിയോ ആക്ടീവ് പദാർത്ഥങ്ങളിൽ നിന്നുള്ള വികിരണങ്ങൾ. |
| • മനുഷ്യനിർമിതമായ ആണവ മലിനീകരണം - | • ചികിത്സാരംഗത്തെ റേഡിയോ ആക്ടീവ് ഐസോടോപ്പുകളുടെ ഉപയോഗം.<br>• ന്യൂക്ലിയർ റിയാക്ടറിൽ നിന്നുള്ള മാലിന്യം. |
| • ആണവ ദുരന്തങ്ങൾ നേരിടാനുള്ള മുൻ കരുതലുകൾ - | • കോൺക്രീറ്റ് കെട്ടിടങ്ങൾ, ഇഷ്ടിക ഉപയോഗിച്ച് നിർമ്മിച്ചവ തുടങ്ങി സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറുക<br>• അധികാരികളുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക.<br>• ആണവദുരന്ത സാധ്യതയുള്ള മേഖലകളിലെ ജനസാന്ദ്രത കുറയ്ക്കുക.<br>• ആണവ വികിരണ ജാഗ്രത ചിഹ്നങ്ങൾ ശ്രദ്ധിച്ച് പെരുമാറുക. |

| **പുനസ്ഥാപിക്കാൻ കഴിയുന്ന ഊർജ സ്രോതസുകൾ** | **പുനസ്ഥാപിക്കാൻ കഴിയാത്ത ഊർജ സ്രോതസുകൾ** |
|---|---|
| • ഉപയോഗിച്ചു തീരുന്നതനുസരിച്ച് ഊർജം ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന സ്രോതസ്സുകൾ | • ഉപയോഗിച്ച് തീരുന്നതനുസരിച്ച് പുനരുല്പാദിപ്പിക്കപ്പെടാത്ത സ്രോതസുകൾ. |
| • സൂര്യപ്രകാശം, കാറ്റ്, ജിയോ തെർമൽ ഊർജം, വേലിയേറ്റ ഊർജം, തിരമാലയിൽ നിന്നുള്ള ഊർജം, ബയോമാസ്, ബയോഗ്യസ് തുടങ്ങിയവ പുനസ്ഥാപിക്കാൻ കഴിയുന്നവയാണ്. | • ഫോസിൽ ഇന്ധനങ്ങൾ, (പെട്രോളിയം, പ്രകൃതി വാതകം, കൽക്കരി) ന്യൂക്ലിയർ ഇന്ധനങ്ങൾ എന്നിവ പുനസ്ഥാപിക്കാൻ കഴിയാത്തവയാണ്. |

| **ഹരിതോർജം (Green Energy)** | **ബ്രൗൺ എനർജി (Brown Energy)** |
|---|---|
| • പ്രകൃതിക്ക് ഇണങ്ങുന്ന ഊർജസ്രോതസ്സുകളിൽ നിന്ന് പരിസരമലിനീകരണം ഉണ്ടാകാതെ നിർമ്മിക്കുന്ന ഊർജമാണ് **ഹരിതോർജം.** | • പുനസ്ഥാപിക്കാൻ കഴിയാത്ത ഊർജസ്രോതസ്സുകളായ കൽക്കരി, പെട്രോളിയം തുടങ്ങിയവ ഉപയോഗിച്ചുണ്ടാക്കുന്ന ഊർജവും ന്യൂക്ലിയർ ഊർജവും **ബ്രൗൺ എനർജിയാണ്.** |
| • പരിസര മലിനീകരണം ഉണ്ടാക്കുന്നില്ല<br>• പുനസ്ഥാപിക്കാൻ കഴിയുന്നവയാണ് | • പുനസ്ഥാപിക്കാൻ കഴിയില്ല.<br>• പരിസര മലിനീകരണം ഉണ്ടാക്കുന്നു.<br>• ആഗോളതാപനത്തിന് കാരണമാകുന്നു. |
| • സോളാർ ഊർജം | • ഫോസിൽ ഇന്ധനങ്ങൾ (പെട്രോളിയം, കൽ |

| | |
|---|---|
| • കാറ്റിൽ നിന്നുള്ള ഊർജം<br>• റൈഡൽ എനർജി<br>• ജിയോ തെർമൽ ഊർജം<br>• ബയോമാസ്<br>• ബയോഗ്യാസ്<br>• ഹൈഡ്രോ ഇലക്ട്രിക് പവർ<br>• ഹൈഡ്രജൻ. | ക്കരി, പ്രകൃതി വാതകം)<br>• ന്യൂക്ലിയർ ഊർജം |

| | |
|---|---|
| ഊർജ പ്രതിസന്ധി- | • ഊർജത്തിന്റെ ആവശ്യകതയിലെ വർദ്ധനവും ഊർജത്തിന്റെ ലഭ്യതയിലുള്ള കുറവുമാണ് ഊർജപ്രതിസന്ധി. |
| ഊർജപ്രതിസന്ധിക്കുള്ള കാരണങ്ങൾ - | • ഊർജം പാഴാക്കി കളയുന്നു.<br>• പുനസ്ഥാപിക്കാൻ പറ്റാത്ത ഊർജസ്രോതസ്സുകളെ കൂടുതലായി ഉപയോഗിക്കുന്നത്<br>• വ്യവസായവത്ക്കരണം.<br>• ജനസംഖ്യാവർദ്ധനവ് |
| ഊർജപ്രതിസന്ധിക്കുള്ള പരിഹാരങ്ങൾ - | • ഊർജം യുക്തിസഹമായി ഉപയോഗിക്കുക.<br>• സൗരോർജം പരമാവധി ഉപയോഗപ്പെടുത്തുക.<br>• പൊതു യാത്രാ സൗകര്യങ്ങൾ കഴിയുന്നത്ര ഉപയോഗിക്കുക.<br>• യന്ത്രങ്ങൾക്ക് യഥാസമയം അറ്റകുറ്റപ്പണി ചെയ്യുക. |
| ഊർജത്തിന്റെ ഉപഭോഗം കുറയ്ക്കാൻ സഹായിക്കുന്ന ഗാർഹിക ഉപകരണങ്ങൾ - | • ചൂടാറാപ്പെട്ടി<br>• പ്രഷർ കുക്കർ<br>• ക്ഷമത കൂടിയ അടുപ്പ്. |